POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم　　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 20

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മെയ് 18/ഹി:ശം:1396 ഹിജ്റത്ത് 18/ഹി:ഖ: 1438 ശഅ്ബാൻ 21


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 14-04-2017ന് റോൺഹെയിം ഫ്രങ്ക്ഫോർട്ടിൽ (ജർമനി) ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**നോക്കൂ! ഞാനിതു പറഞ്ഞുകൊണ്ട് എന്റെ പ്രബോധന കർത്തവ്യം നിർവഹിച്ചു കൊള്ളുന്നു. പാപം ഒരു വിഷമാകുന്നു. അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാകുന്നു. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾക്ക് ശക്തി ലഭിക്കുവാൻ പ്രാർഥിക്കുക. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എല്ലാ ഓരോ തിന്മയിൽനിന്നും എല്ലാ ഓരോ ദുഷ്ക്കർമത്തിൽനിന്നും പശ്ചാത്തപിച്ച് മടങ്ങാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ബാഹ്യനിലയിലുള്ള ബയ്അത്ത് മതിയാകുമെന്ന് ഒരിക്കലും വിചാരിച്ചുപോകരുത്. ബാഹ്യം ഒരു വസ്തുവുമല്ല. ദൈവം നിങ്ങളുടെ ഹൃദയങ്ങളെയാണ് വീക്ഷിക്കുന്നത്. അതനുസരിച്ചുതന്നെയാണ് നിങ്ങളോടു പെരുമാറുന്നത്. നോക്കൂ! ഞാനിതു പറഞ്ഞുകൊണ്ട് എന്റെ പ്രബോധന കർത്തവ്യം നിർവഹിച്ചു കൊള്ളുന്നു.

പാപം ഒരു വിഷമാകുന്നു. അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാകുന്നു. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾക്ക് ശക്തി ലഭിക്കുവാൻ പ്രാർഥിക്കുക. പ്രാർഥിക്കുമ്പോൾ അല്ലാഹു സർവകാര്യങ്ങളിലും കഴിവുള്ളവനാണെന്ന് കരുതാത്തവൻ-ദൈവവാഗ്ദാനമുള്ള കാര്യങ്ങളൊഴിച്ച്- എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ കുടുങ്ങിക്കിടക്കുന്നവനും പരലോകത്തിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എല്ലാ ഓരോ തിന്മയിൽനിന്നും എല്ലാ ഓരോ ദുഷ്കർമത്തിൽനിന്നും അതായത് മദ്യപാനം, ചൂതുകളി, ദുർന്നോട്ടം, ചതി, കൈക്കൂലി എന്നിവയിൽനിന്നും മറ്റെല്ലാ അവിഹിതങ്ങളായ നടപടികളിൽനിന്നും പശ്ചാത്തപിച്ച് മടങ്ങാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അഞ്ചുനേരത്തെ നമസ്കാരം നിർബന്ധ ബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. പ്രാർഥനകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്നിൽ ചീത്ത സ്വാധീനം ചെലുത്തുന്ന ദുർവൃത്തരെ ഉപേക്ഷിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. മാതാപിതാക്കളെ ബഹുമാനിക്കാത്തവനും ഖുർആന്നെതിരല്ലാത്ത നന്മകളുടെ കാര്യത്തിൽ അവരുടെ വാക്കുകൾ സ്വീകരിക്കാത്തവനും അവർക്ക് സേവനം ചെയ്യുന്നതിൽ വിമുഖനായിരിക്കുന്നവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്റെ ഭാര്യയോടും അവരുടെ ബന്ധുക്കളോടും സൗമ്യമായും ഉപകാരമനോഭാവത്തോടെയും വർത്തിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്റെ അയൽവാസിയെ ഏറ്റവും നിസ്സാരമായ വസ്തുക്കളിൽനിന്നുപോലും അകറ്റിനിറുത്തുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്നോടു തെറ്റു ചെയ്തവരുടെ കുറ്റങ്ങൾ പൊറുത്തുകൊടുക്കാതെ പകവെച്ചുപുലർത്തുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഭാര്യയോടു വഞ്ചന പ്രവർത്തിക്കുന്ന ഭർത്താവും ഭർത്താവിനോടു വഞ്ചന പ്രവർത്തിക്കുന്ന ഭാര്യയും എന്റെ ജമാഅത്തിൽപ്പെട്ടവരല്ല. ബയ്അത്തു ചെയ്യുമ്പോൾ ചെയ്തിട്ടുള്ള കരാറിനെ ഏതെങ്കിലും വശത്തൂടെ ലംഘിക്കുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എന്നെ സത്യഹൃദയത്തോടെ വാഗ്ദത്ത മസീഹും വാഗ്ദത്ത മഹ്ദിയുമെന്ന് വിശ്വസിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. നന്മയായിട്ടുള്ള കല്പനകളിൽ എന്നെ അനുസരിക്കുവാൻ തയ്യാറല്ലാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കുകയും അവർക്കൊപ്പിച്ച് കൈത്താളംമുട്ടുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. വ്യഭിചാരി, ധിക്കാരി, മദ്യപാനി, കൊലയാളി, കള്ളൻ, ചൂതുകളിക്കാരൻ, ദ്രോഹി, വ്യാജം പറയുന്നവൻ, വ്യാജരേഖ ഉണ്ടാക്കുന്നവനും അവന്റെ കൂട്ടുകാരനും തന്റെ സഹോദരന്മാരേയും സഹോദരിമാരേയുംപറ്റി പഴി പറയുന്നവനും ദുർവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങാത്തവനും ദുഷ്ടമായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഇതെല്ലാം വിഷമാകുന്നു. ഈ വിഷം തിന്നിട്ട് നിങ്ങൾക്ക് ഒരു വിധത്തിലും രക്ഷപ്പെടാനാകില്ല. ഇരുട്ടും വെളിച്ചവും ഒരിടത്ത് ഒരുമിച്ച് ചേരുകയില്ല. ഋജുമാനസർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ ഹൃദയത്തിൽ വക്രതയുള്ളവനും അല്ലാഹുവിനോടു സത്യസന്ധത പുലർത്താത്തവനും ഒരിക്കലും ലഭിക്കുകയില്ല. ഹൃദയങ്ങളെ ശുദ്ധമാക്കുന്നവരും അവയിൽനിന്ന് എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കുന്നവരും ദൈവത്തോടു കൂറു പുലർത്തുമെന്ന് പ്രതിജ്ഞ ചെയ്യുന്നവരും എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അവർ നഷ്ടത്തിലാകുകയില്ല. അല്ലാഹു അവരെ അവഹേളിതരാക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റേതും ദൈവം അവരുടേതുമാണ്. ആപത്തുകളിൽനിന്നെല്ലാം അവർ രക്ഷപ്പെടും. അവർക്കെതിരെ ഗൂഢാലോചന നടത്തുന്ന ശത്രുക്കൾ വിഡ്ഢികളാകുന്നു. എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റെ മടിത്തട്ടിലാണുള്ളത്; ദൈവം അവരെ സഹായിക്കുന്നതിലും. ആരാണ് ദൈവത്തിൽ വിശ്വാസമർപിച്ചിട്ടുള്ളത്? ഇപ്പറഞ്ഞവരെപ്പോലെയുള്ളവർ മാത്രം. അപ്രകാരംതന്നെ ദൈവഭയമില്ലാത്തവനും പാപിയും ദുർവാശിക്കാരനും ഉപദ്രവമുണ്ടാക്കുക എന്ന ചിന്തയിൽ കഴിയുന്നവനും വിഡ്ഢിയാണ്. കാരണം അവൻ സ്വയം നശിക്കുന്നതാണ്. അല്ലാഹു ആകാശവും ഭൂമിയും സൃഷ്ടിച്ചതുമുതൽ നല്ലവരെ നശിപ്പിച്ചു നാമാവശേഷമാക്കിയ സന്ദർഭം ഒരിക്കലുമുണ്ടായിട്ടില്ല. പ്രത്യുത അവർക്കുവേണ്ടി അവൻ വലിയ വലിയ പ്രവൃത്തികൾ കാണിച്ചുകൊണ്ടിരുന്നു. ഇപ്പോഴും കാണിക്കുന്നതാണ്.

നമ്മുടെ ദൈവം അങ്ങേയറ്റം വിശ്വസ്തനായ ദൈവമാകുന്നു. വിശ്വസ്തരായവർക്കുവേണ്ടി അവന്റെ അത്ഭുതകരമായ പ്രവൃത്തി പ്രത്യക്ഷപ്പെടുന്നു. അവരെ വിഴുങ്ങിക്കളയണമെന്ന് ലോകം ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവർക്കെതിരിൽ പല്ലു ഞെരിക്കുന്നു. എന്നാൽ, അവരുടെ മിത്രമായ ദൈവം നാശത്തിന്റെ ഓരോ സ്ഥലത്തുനിന്നും അവരെ സംരക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നല്കുന്നു. ആ ദൈവത്തിന്റെ കോന്തല വിടാത്തവൻ എത്രമാത്രം ഭാഗ്യവാനാണ്. നാം അവനിൽ വിശ്വസിച്ചിരിക്കുന്നു. നാം അവനെ തിരിച്ചറിഞ്ഞിരിക്കുന്നു.***(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 18-20)***

## 123-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അനുഗൃഹീത റമളാന് തഹ്‌രീക്കെ ജദീദുമായി അഗാധ ബന്ധം

തഹ്‌രീക്കെ ജദീദ് എന്ന ബൃഹദ് പദ്ധതിയുടെ സ്ഥാപകർ ഖലീഫത്തുൽ മസീഹ് രണ്ടാമൻ സയ്യിദുനാ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)അനുഗൃഹീത റമളാൻ മാസവും തഹ്‌രീക്കെ ജദീദും തമ്മിലുള്ള അഗാധമായ പരസ്പര ബന്ധത്തെ കുറിച്ച് വെളിച്ചം വീശിക്കൊണ്ടു പറഞ്ഞു: "നിങ്ങൾ റമളാനിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ തഹ്‌രീക്കെ ജദീദ് അനുസരിച്ച് പ്രവർത്തിക്കുക. തഹ്‌രീക്കെ ജദീദിന് നേട്ടമുണ്ടാക്കാനാഗ്രഹിക്കുന്നെങ്കിൽ നോമ്പുകളിൽനിന്ന് ശരിയായ ഫലമെടുക്കുക. ലളിതമായ ജീവിതം നയിക്കുകയും കഠിനാധ്വാനത്തിന്റേയും ബുദ്ധിമുട്ടുകൾ സഹിക്കുന്നതിന്റേയും ത്യാഗത്തിന്റേയും ശീലമുണ്ടാക്കുക എന്നതാണ് തഹ്‌രീക്കെ ജദീദ്. ഈ പാഠം നിങ്ങൾക്കു നല്കാനാണ് റമളാൻ വരുന്നത്. അതുകൊണ്ട് ഏതൊരു ഉദ്ദേശ്യത്തിനാണോ റമളാൻ വന്നിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിന് അത്യധ്വാനം ചെയ്യുക..............തന്റെ റമളാൻ തഹ്‌രീക്കെ ജദീദിന്റേതാകാൻ ഓരോ വ്യക്തിയും ശ്രമിക്കേണ്ടതാണ്; തഹ്‌രീക്കെ ജദീദ് റമളാന്റേതും. റമളാൻ നമ്മുടെ ശരീരേച്ഛയെ കൊല്ലുന്നതായിരിക്കേണ്ടതാണ്. തഹ്‌രീക്കെ ജദീദ് നമ്മുടെ ആത്മാവിന് നവീനത പ്രദാനം ചെയ്യുന്നതുമാകണം. റമളാനിൽനിന്ന് ഫലമെടുക്കുക എന്ന് ഞാൻ പറഞ്ഞപ്പോൾ  വാസ്തവത്തിൽ നിങ്ങൾ തഹ്‌രീക്കെ ജദീദിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ റമളാന്റെ വെളിച്ചത്തിൽ മനസ്സിലാക്കാൻ ഞാൻ മനസ്സിലാക്കി ത്തരുകയായിരുന്നു. നിങ്ങൾ തഹ്‌രീക്കെ ജദീദിലേക്ക് ശ്രദ്ധിക്കാൻ ഞാൻ പറഞ്ഞപ്പോൾ മറ്റു വാക്കുകളിൽ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നത് നിങ്ങൾ എല്ലാ അവസ്ഥയിലും റമളാന്റെ യാഥാർഥ്യം നിങ്ങളുടെമേൽ നടപ്പിൽ വരുത്തുക എന്നായിരുന്നു. ശരിയായതും തുടർച്ചയായുള്ളതുമായ ത്യാഗശീലം നിങ്ങളിൽ ഉണ്ടാക്കുക. സത്യസന്ധമായ ത്യാഗങ്ങളൊന്നുമില്ലാതെ കഴിഞ്ഞുപോകുന്ന റമളാൻ, റമളാനല്ല. ആത്മചൈതന്യത്തിന്റെ നവീനത കൂടാതെ കടന്നുപോകുന്ന തഹ്‌രീക്കെ ജദീദ്, തഹ്‌രീക്കെ ജദീദുമല്ല."(ജുമുഅ ഖുത്ബ 4-11-1938)

ഇതുസംബന്ധമായി 1938 നവംബർ 11 ന് ചെയ്ത ജുമുഅ ഖുത്ബയുടെ അവസാനം ഹുദൂർ(റ) തഹ്‌രീക്കെ ജദീദിന് ചന്ദകൊടുക്കുന്നവർക്കുവേണ്ടി ജമാഅത്തിനോടു ദുആയ്ക്ക് അഭ്യർഥിച്ചുകൊണ്ടു പറഞ്ഞു: "റമളാനിലെ അവസാനത്തെ പത്ത് വരാൻപോകുകയാണ്. അതിനെ തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ച് മുമ്പേ ചെയ്ത ത്യാഗങ്ങൾക്കു നന്ദി പറഞ്ഞും ഭാവിയിൽ ശക്തി സംഭരിക്കുന്നതിനുവേണ്ടിയും ചെലവഴിക്കുക. കഴിഞ്ഞ വർഷങ്ങളിൽ ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടയവർ അതിന് അല്ലാഹുവിനോടു നന്ദി പറയുക. എല്ലാ ഓരോ ദുആ ചെയ്യുന്നവരും അല്ലാഹുവിനോടു എല്ലാ ത്യഗങ്ങൾ ചെയ്യുന്നവർക്കുവേണ്ടിയും ദുആ ചെയ്യുക. ദീനിന്റെ ഗാംഭീര്യത്തിനും ജമാഅത്തിന്റെ കരുത്തിനുംവേണ്ടി എന്തൊരു ത്യാഗമാണോ ചെയ്തത് അതിന്റെ ഫലമായി അല്ലാഹു അവന്റെമേൽ തന്റെ ഫള്‌ലും കാരുണ്യങ്ങളും ഇറക്കുമാറാകട്ടെ. ഏതൊന്ന് കൊണ്ടാണോ അവൻ ദൈവവഴിയിൽ ത്യാഗം ചെയ്തിരുന്നത് അതേ സ്നേഹവും ആത്മാർഥതയുമനുസരിച്ച് അവനുവേണ്ടി തന്റെ സ്നേഹവും അനുഗ്രഹങ്ങളും ഇറക്കുമാറാകട്ടെ."(1938 നവംബർ 15 പേജ് നമ്പർ 4)

1938 നവംബർ 29 ന് ഖാദിയാനിൽ നിന്നിറങ്ങിയ അൽഫള്ൽ ദിനപത്രത്തിലെ വിളംബരമനുസരിച്ച് ആത്മാർഥരായ ജമാഅത്തംഗങ്ങളുടെ ആരംഭംമുതലെയുള്ള നടപടിക്രമം റമളാൻ മാസത്തിന്റെ മധ്യത്തോടുകൂടി തഹ്‌രീക്കെ ജദീദിന്റെ വാഗ്ദാനങ്ങൾ നൂറു ശതമാനവും അടച്ചുതീർത്ത് അല്ലാഹുവിന്റെ ഭൗതിക-ആത്മീയാനുഗ്രങ്ങൾ ആകർഷിച്ചെടുക്കാൻ ശ്രമിക്കുക എന്നതാണ്. അതിനാൽ ഇപ്പോൾ നമ്മൾ അല്ലാഹു നല്കിയിട്ടുള്ള കഴിവനുസരിച്ച് വീണ്ടും ഒരിക്കൽകൂടി അപരിമിതമയ കാരുണ്യങ്ങളും അനുഗ്രഹങ്ങളും വഹിച്ചുകൊണ്ടെത്തിയിട്ടുള്ള ഈ പരിശുദ്ധ മാസത്തിൽ ചുവടുവെക്കാൻ പോകുകയാണ്. തഹ്‌രീക്കെ ജദീദിന്റെ എല്ലാ സഹകാരികളോടും അവർ തങ്ങളുടെ ശോഭനീയമായ പാരമ്പര്യങ്ങളെ നിലനിറുത്തിക്കൊണ്ട് റമളാൻ 20 അതായത് ജൂൺ 16 നുള്ളിൽ തങ്ങളുടെ വാഗ്ദാനങ്ങൾ പൂർണമായും അടച്ച് അമീറുൽ മുഅ്മിനീന്റെ സ്വീകാര്യമായ ദുആകളിൽനിന്ന് കൂടുതൽ ഭാഗം പ്രാപിക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

എല്ലാ ജില്ല/തദ്ദേശ അമീർമാരോടും/സ്വദ്ർമാരോടും/തഹ്‌രീക്കെ ജദീദ് സെക്രട്ടറിമാരോടും/ മുബല്ലിഗ് ഇൻചാർജുമാരോടും/ എല്ലാ ജമാഅത്തുകളുടേയും ലിസ്റ്റ് റമളാൻ 29 ന് നടക്കുന്ന സംഘടിത ദുആയ്ക്കുവേണ്ടി അമീറുൽ മുഅ്മിനീന് അയച്ചുകൊടുക്കാൻ അവരവരുടെ ജമാത്തിലെ നൂറുശതമാനം ചന്ദ അടച്ചുതീർത്തവരുടെ ലിസ്റ്റുകൾ തയ്യാറാക്കി ജൂൺ 16 നുള്ളിൽ പോസ്റ്റുമാർഗമോ ജൂൺ 21 നുള്ളിൽ ഫാക്സോ ഇമെയിലോ വഴിയോ വക്കാലത്തെ മാൽ തഹ്‌രീക്കെ ജദീദ് ഖാദിയാന് അയച്ചുതരാൻ താഴ്മയോടെ അപേക്ഷിക്കുന്നു. ജസാക്കുമുല്ലാഹു ഖയ്റാ

**(വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ് ഖാദിയാൻ)**

# ആത്മീയലോകത്തിലെ വസന്തകാലം അനുഗൃഹീത റമളാൻ. കാരുണ്യത്തിന്റെ കവാടം വഖ്ഫെ ജദീദ്

അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹവും ഔദാര്യവുംകൊണ്ട് റമളാൻ മാസം വീണ്ടും ഒരിക്കൽ നമ്മുടെ ജീവിതത്തിലേക്ക് അതിന്റെ പ്രൗഢിയോടും ഗാംഭീര്യത്തോടും കൃപാധാനത്തോടും അനുഗ്രഹത്തോടുംകൂടി സമാഗതമായിക്കൊണ്ടിരിക്കുകയാണ്. അനുഗൃഹീത റമളാൻമാസം ആത്മീയലോകത്തിലെ വസന്തകാലമാണ്. ഇത് നന്മകളുടെ മാസമാണ്. നമ്മുടെ ബലഹീനതകളും വീഴ്ചകളും അകറ്റാനുള്ള ട്രെനിംഗിന്റെ മാസമാണ്. ദൈവതൃപ്തി ആകർഷിച്ചെടുക്കുന്നതിന്റേയും ദാനധർമങ്ങളുടേയും മാസമാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഈ ആത്മീയമാസത്തിൽനിന്ന് പരിപൂർണമായും ഫലമെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ആമീൻ.

ഈ പരിശുദ്ധ മാസത്തിൽ എല്ലാവിധ ആരാധനാ കർമങ്ങളോടുമൊപ്പം എല്ലാവിധ ത്യാഗങ്ങളെ കുറിച്ചും പറയുന്നുണ്ട്. അതിൽ സാമ്പത്തിക ത്യാഗവും ഉയർന്നതായ ഒരു നില ഉൾക്കൊള്ളുന്നു. ഈ മാസത്തിൽ നബി(സ)തിരുമേനി തന്റെ അര മുറുക്കുമായിരുന്നു. ശക്തമായ കാറ്റിനുപോലും അതിന്റെ വേഗത്തിൽ ബി(സ)തിരുമേനിയെ നേരിടാൻ കഴിയുമായിരുന്നില്ല.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതു സംബന്ധമായി പറയുന്നു:"ഇസ്‌ലാമിനെ സഹായിക്കുന്നതിൽ നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളുടെ കൈ തുറക്കുകയാണെങ്കിൽ ക്ഷണത്തിൽ നിങ്ങൾക്കുവേണ്ടിയും ശക്തിപ്രഭാവത്തിന്റെ കൈ വെളിപ്പെടുന്നതായിരിക്കും. ഈ വഴിയിൽ ചെലവഴിക്കുന്നതുകൊണ്ട് ആരും ദരിദ്രരാകുകയില്ല. ചെലവഴിക്കാൻ തന്റേടമുണ്ടായാൽ അല്ലാഹു അവൻതന്നെ സഹായിയായിത്തീരുന്നതാണ്. മതത്തെ സഹായിക്കുന്നതുകൊണ്ട് സമ്പത്തിന്റെ സ്രോതസ്സ് ഉണ്ടാകുന്നുവെന്ന് നിങ്ങൾ അറിയുന്നതിന് എങ്ങനെയാണ് പണിയെടുത്തിരുന്നതെന്ന് നബി(സ)തിരുമേനിയുടെ അൻസ്വാറിലേക്ക് നോക്കുക." (മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 2 പേജ് 613, ഇശ്തിഹാറാത്ത് സെപ്റ്റംബർ 1903)

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)ഈ പരിശുദ്ധ മാസത്തെ സംബന്ധിച്ച് ജമാഅത്തംഗങ്ങളെ സംബോധന ചെയ്ത് പറയുന്നു:"എന്റെ പ്രിയ സഹോദരങ്ങളേ!ഈ മാസം കരുണകൾ ചൊരിയപ്പെടുന്ന മാസമാണ്. അല്ലാഹു ആകാശത്തുനിന്ന് ഭൂമിയിൽ വന്നിട്ടുള്ളത് കേവലം അവന്റെ ദാസർ അവന്റെ മുമ്പിൽ സഞ്ചികൾ തുറന്നു പിടിക്കുന്നതിനും അവന്റെ റഹ്മത്തിനേയും അവന്റെ മഗ്ഫിറത്തിനേയും അവന്റെ കൃപയേയും അവന്റെ തൃപ്തിയേയും പ്രാപിക്കുന്നതിനുവേണ്ടിയാണ്. അവന്റെ സന്തോഷം കരസ്ഥമാക്കുന്നതിനും അവന്റെ പ്രകാശംകൊണ്ട് തന്റെ നെഞ്ചകത്തേയും ഹൃദയത്തേയും പ്രകാശിപ്പിക്കുന്നതിനുമാണ്." ഇപ്രകാരംതന്നെ പറഞ്ഞു:"അല്ലാഹുവിന്റെ റഹ്മത്തിന്റെ ധാരാളം കവാടങ്ങളിൽ ഒരു റഹ്മത്തിന്റെ കവാടം നമ്മളിൽ ഇറക്കപ്പെട്ടിട്ടുള്ളത് വഖ്ഫെ ജദീദിന്റെ കവാടമാണ്. ഇതുമുഖേന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നന്മകൾ ചെയ്യുന്നതിനും കാരുണ്യങ്ങൾ സമ്പാദിക്കുന്നതിനുമുള്ള സാധനസാമഗ്രികൾ നമുക്ക് ഉണ്ടാക്കിത്തന്നിരിക്കുന്നു."(ഖുത്ബ ജുമുഅ 1966 ഡിസംബർ 30)

ഇൻശാ അല്ലാഹ് മുമ്പെന്നപോലെ ഈ വർഷവും അനുഗൃഹീത റമളാൻ മാസത്തിന്റെ അവസാനത്തിൽ വഖ്ഫെ ജദീദ് ചന്ദ പൂർണമായും അടച്ചുതീർത്ത വ്യക്തികളുടേയും ജമാഅത്തുകളുടേയും ജില്ലകളുടേയും പേരുകൾ ദുആയ്ക്കുവേണ്ടി സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന് അയച്ചുകൊടുക്കുന്നതാണ്. അതുകൊണ്ട് എല്ലാ വഖ്ഫെ ജദീദ് മുജാഹിദുകളോടും ഈ അനുഗൃഹീത മാസത്തിൽ  പൂർണമായും ചന്ദകളടച്ച് സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ  സ്വീകാര്യമായ ദുആകളിൽനിന്ന് കൂടുതൽ ഓഹരി പ്രാപിക്കാനുള്ള സൗഭാഗ്യം കരസ്ഥമാക്കാൻ അപേക്ഷിക്കുന്നു. ഇപ്രകാരം തന്നെ എല്ലാ ജമാഅത്ത് ഭാരവാഹികളോടും മുബല്ലിഗുമാരോടും മുഅല്ലിമുമാരോടും ഈ അനുഗൃഹീത മാസത്തിൽ വഖ്ഫെജദീദ് ചന്ദ പൂർണമായും അടച്ചുതീർത്ത ജമാഅത്തംഗങ്ങളുടെ ലിസ്റ്റ് നിങ്ങൾക്കു അയച്ചുതന്നിട്ടുള്ള ഫോറത്തിൽ പൂരിപ്പിച്ച് റമളാൻ 25 നുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരാൻ അപേക്ഷിക്കുന്നു. ജസാക്കുമുല്ലാഹ്

അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ വാഗ്ദാനങ്ങൾ നല്ലവണ്ണം പരിശോധിച്ചും നമ്മുടെ ഉത്തരവാദിത്വങ്ങൾ പൂർണമായും നിറവേറ്റിയും അമീറുൽമുഅ്മിനീന്റെ പ്രതീക്ഷയെക്കാളധികം വർധനയോടെ വഖ്ഫെ ജദീദിന്റെ ടാർഗറ്റ് എത്രയും വേഗം പൂർത്തിയാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ

**(നാളിംമാൽ വഖ്ഫെ ജദീദ് ഭാരത്)**

**പേജ് 7ൽ നിന്ന്** - ദൃഷ്ടികളോടെ നോക്കരുത്." മുഴുലോകവും കേവലം ഈ ഒരേയൊരു നിയമമനുസിരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ ലോകത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി നീതിയിലും ന്യായത്തിലും നിലകൊള്ളുമായിരുന്നു. ലാഭം, തുല്യമായ നിലയിൽ വിതരണം ചെയ്യപ്പെടുമായിരുന്നു. ഈ ജനതകളും അല്ലാഹു പ്രദാനം ചെയ്തിട്ടുള്ള സമ്പത്തിന്റെ പ്രതിഫലം കരസ്ഥമാക്കുന്നവരാകുമായിരുന്നു. അത്യാഗ്രഹിയായിക്കൊണ്ട് എന്തുതന്നെയായാലും സമ്പത്തും ശക്തിയും കരസ്ഥമാക്കുന്നതിനു പകരം ആഗോള വാണിജ്യത്തിന്റെ പിന്നിൽ മാനുഷികമായ അവകാശങ്ങൾ നിറവേറ്റുന്നതിന് നീതിയോടെയുള്ള ഉത്സാഹം നമ്മൾ കാണുമായിരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ അനീതിയുടെ ഒരു ഉദാഹരണം നമുക്ക് ലോകത്തു കാണുന്ന  രാഷ്ട്രീയത്തിലും ലഭിക്കുന്നുണ്ട്. ചിലരാജ്യങ്ങളിൽ സ്വേച്ഛാദിപത്യവും അനീതിപരമായി പ്രവർത്തിക്കുന്ന സർക്കാറുകളും നിലനില്ക്കുന്നുണ്ട്. പക്ഷേ, വൻശക്തികൾ അവരുടെ അക്രമത്തോടും ബലാൽക്കാരത്തോടും തികച്ചും ബന്ധമില്ലാത്തവരായിത്തീർന്നിരിക്കുന്നു. കാരണം ഈ ഭരണകൂടങ്ങൾ അവരോടൊപ്പം നില്ക്കുന്നു. അവരുടെ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിൽ അവരുടെ സഹായികളാണെന്ന് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. പക്ഷേ, മറുഭാഗത്ത് ചില രാജ്യങ്ങളുണ്ട്. അവരുടെ നേതാക്കൾ ഈ വൻശക്തികളുടെ മുമ്പിൽ തലകുനിക്കുകയില്ല. അവിടെത്തെ രാജ്യദ്രോഹികളെ വളരെ സന്തോഷത്തോടെ സഹായിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ ആ സർക്കാറുകളെ മാറ്റണമെന്ന് ആവശ്യപ്പെടുന്നു. ഈ എല്ലാ സർക്കാറുകളും തങ്ങളുടെ ജനതയോട് ഒരേരീതിയിൽ പെരുമാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് സത്യം. പക്ഷേ, അവരിൽ ചില സർക്കാറുകൾ വൻശക്തികളെ സഹായിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വ്യത്യാസം. അവസാനം പറഞ്ഞതിൽ ഇറാഖും ലിബിയയും പെടുന്നു. ഇവരുടെ സർക്കാറുകൾ പാശ്ചാത്യ പോളിസിയുടെ ഫലമായി അവസാനിപ്പിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരംതന്നെ കഴിഞ്ഞ കുറെ വർഷങ്ങളിൽ സിറിയയിലും ശ്രമം നടത്തി വരികയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇറാഖ് യുദ്ധത്തിൽ പങ്കെടുക്കണ്ട എന്ന കനഡയുടെ തീരുമാനം ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഈ സംഘർഷത്തിന്റെ പ്രത്യേകമായ അവസ്ഥകളും  അതു പരിഹരിക്കുന്നതിനുള്ള മാർഗങ്ങളും വ്യക്തമാകാത്തിടത്തോളം സിറിയയിൽ നടത്തുന്ന   വൈമാനികാ ആക്രമണം നിറുത്തേണ്ടതാണെന്ന കനഡ സർക്കാറിന്റെ തീരുമാനത്തോടും ഞാൻ യോജിക്കുന്നു. വൻതോതിൽ ഐക്യരാഷ്ട്രസഭയും രാഷ്ട്രീയം, അനീതി, ഏകപക്ഷീയത എന്നിവയ്ക്കതീതമായി ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് പങ്കുവഹിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ പ്രതീക്ഷിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നു: അല്ലാഹു ഐക്യരാഷ്ട്രസഭയ്ക്കും ലോകത്തെ മറ്റു ജനതകൾക്കും ഇതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുകയും യഥാർഥവും എന്നെന്നും നലിനില്ക്കുന്നതുമായ സമാധാനം സ്ഥാപിതമാകുകയും ചെയ്യുമാറാകട്ടെ. ഇതിനുപുറമെ ഒരു വഴിയുമില്ല. കാരണം ഇപ്പോഴത്തെ അവസ്ഥ തുടരുകയാണെങ്കിൽ ലോകം ആദ്യമെതന്നെ ഒരു മഹായുദ്ധത്തിന്റെ രീതിയിൽ ഉണ്ടാകാൻപോകുന്ന വലിയ നാശത്തിലേക്ക് ധിറുതിയിൽ കുതിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ നമ്മുടെ മക്കൾക്കും വരുന്ന തലമുറയ്ക്കും നമ്മുടെ പിന്നിൽ നല്ലൊരു ലോകം ഉപേക്ഷിച്ചുപോകേണ്ടതിന്- അത് സമാധാനത്തിന്റേയും ഐശ്വര്യത്തിന്റേയും ലോകമായിരിക്കണം, നശിച്ചൊടുങ്ങിയ സാമ്പത്തിക വ്യവസ്ഥിതിയുടേയും ഭിന്നശേഷിക്കാരായ കുട്ടികളുടേയും ലോകമാകരുത്- അല്ലാഹു ഈ ലോകത്തെ ഭരണാധികാരികൾക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കും വിവേകം നല്കുമാറാകട്ടെ.

അവസാനം വീണ്ടും ഒരിക്കൽകൂടി എന്നെ ഇവിടെ ക്ഷണിച്ചതിന് നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുകയാണ്. ആപ് സബ് കാ ബഹുത്ത് ബഹുത്ത് ശുക്റിയ

അമീറുൽമുഅ്മിനീന്റെ ഈ പ്രഭാഷണം 7.37 വരെ നീണ്ടുനിന്നു. അമീറുൽമുഅ്മിനീന്റെ പ്രഭാഷണം അവസാനിച്ച ഉടൻതന്നെ ഹാളിൽ സന്നിഹിതരായിരുന്ന സകല അതിഥികളും എഴുന്നേറ്റുനിന്ന് ഹർഷാരവം മുഴക്കി. അതിനുശേഷം അമീറുൽമുഅ്മിനീൻ ദുആ ചെയ്യിച്ചു. അതുകഴിഞ്ഞ് ഡിന്നർ പ്രോഗ്രാം നടന്നു. സകല അതിഥികളും അമീറുൽമുഅ്മിനീനോടൊപ്പം ഭക്ഷണം കഴിച്ചു. ഭക്ഷണത്തിനുശേഷം എല്ലാ അതിഥികളും അമീറുൽമുഅ്മിനീനെ കണ്ട് ഹസ്തദാനം ചെയ്തു. അമീറുൽമുഅ്മിനീൻ അതിഥികളുമായി സംസാരിച്ചു. ആ അതിഥികൾ അമീറുൽമുഅ്മിനീനുമൊത്തുള്ള ഫോട്ടോ എടുക്കാനും ഭാഗ്യം നേടി. കൂടിക്കാഴ്ചയുടെ ഈ പരമ്പര രാത്രി ഒമ്പതുമണിവരെ നീണ്ടുനിന്നു.

അതിനുശേഷം അമീറുൽമുഅ്മിനീൻ ഇവിടെനിന്നു പുറപ്പെട്ട് മസ്ജിദ് ബയ്ത്തുന്നസ്വീറിലെത്തി. മഗ്‌രിബ് ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അമീറുൽമുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് പോയി.(തുടരും)

# ഖുത്ബ ജുമുഅ

**പരിപാടി നടക്കേണ്ട കൃത്യഅവസരത്തിൽ ജോലി ആരംഭിക്കുക എന്നത് നമ്മുടെ ആളുകളുടെ ശീലമാണ്. ജോലി നടന്നുകൊള്ളും എന്ന പൊയ്ഭാവനയിൽ ഇരിക്കുന്നു. ചില ജോലികൾ യുദ്ധകാലാടിസ്ഥാനത്തിലും നടന്നുപോകുന്നു എന്നത് അല്ലാഹുവിന്റെ കൃപയാണ്. എപ്രകാരം അഹ്മദിയ്യാ ജമാഅത്തിന്റെ ജോലി നടന്നുപോകുന്നുവോ അതുപോലെ മറ്റാരുടേയും ജോലി ഒരു പക്ഷേ, നടക്കുകയില്ല. പക്ഷേ, ഇതിന്റെ അർഥം ആദ്യമേ പ്ലാനിംഗ് (Planning)ചെയ്യണ്ട എന്നല്ല.**

---

**അല്ലാഹു സംഘാടകർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ള കഴിവും നല്കുമാറാകട്ടെ. ശുഭപ്രതീക്ഷയിൽ അകപ്പെടുന്നതിൽനിന്ന് അവരെ രക്ഷിക്കുമാറാകട്ടെ. യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്നവരാകട്ടെ. നിങ്ങൾ നിങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുത്തു. അപ്പോൾ അവരുടെ ജോലികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നതിനും ബുദ്ധി ഉണ്ടാക്കുന്നതിനും അവർക്കുവേണ്ടി മുടങ്ങാതെ ദുആചെയ്തുകൊണ്ടിരിക്കേണ്ടതും നിങ്ങളുടെ നിർബന്ധ കടമയാണ്.**

**ജമാഅത്ത് ഇൻശാഅല്ലാഹ് എന്തായാലും വളരേണ്ടതാണ്. വളർന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഏതുസ്ഥലം നമ്മൾ എടുക്കുകയാണെങ്കിലും ചെറുതായിക്കൊണ്ടുപോകുന്നതാണ്. പക്ഷേ, ഒരു സ്ഥലമെടുത്തിട്ട് നമ്മുടെ അലസത കാരണത്താൽ പല വർഷങ്ങളായി ഉപയോഗിക്കാതെ ഈ സ്ഥലവും ഞെരുങ്ങിപ്പോയി എന്നു പറയുന്നത് മരുപടിയല്ല. ബുദ്ധിപരവുമല്ല.**

**ലാഹോർ സബസസാറിലെ പ്രൊഫസർ ഡോക്ടർ അശ്ഫാഖ് അഹ്മദ് സാഹിബ് ശഹീദ്, മൗലവി. എച്ച്. നാസ്വിറുദ്ദീൻ സഹിബ് മുബല്ലിഗ് ഇൻചാർജ് ഈസ്റ്റുഗോദാവരി, ഇന്ത്യാ, സാഹിബ്സാദ മിർസാ ഖുർശീദ് അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ് സാദി അമത്തുൽവഹീദ് ബീഗം സാഹിബ തുടങ്ങിയവരുടെ നിര്യാണവും അനുസ്മരണവും ജനാസഗാഇബ് നമസ്കാരവും.**

---

**ഇവരുടെ ചില സവിശേഷ ഗുണങ്ങൾ ജമാഅത്തിലെ എല്ലാ വിഭാഗത്തിലുള്ള ആളുകൾക്കും സൽമാതൃകയാണ്. നമ്മളിൽ അധികമാളുകൾക്കും പിന്തുടരാൻ പറ്റിയ ചില മാതൃകകൾ അവരിലുണ്ട്. ഒരുപാടാളുകൾക്ക് അവരിൽ പാഠമുണ്ട്. അതുകൊണ്ട് ഈ പരേതാത്മാക്കളുടെ സംക്ഷിപ്ത വിവരം പറയുന്നതിനുപകരം അവരെക്കുറിച്ച് തുറന്ന നിലയിൽ പറയാമെന്ന് ഞാൻ കരുതി. എന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ട ഓരോരുത്തരുടേയും ജീവിതത്തിന്റെ വശങ്ങൾ അല്ലെങ്കിൽ അവർ അങ്ങനെയുള്ളവരാണെന്ന് എനിക്കറിയാവുന്നത് അവർ മൻ ഖളാ നഹ്ബഹൂ(അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു-33:24) എന്നതിനുള്ള തെളിവാണെന്ന് വ്യക്തമാക്കുന്നു. അവർ തങ്ങളുടെ പ്രതിജ്ഞകളേയും നിയ്യത്തുകളേയും ഉദ്ദേശ്യങ്ങളേയും പൂർത്തിയാക്കുന്നവരായിരുന്നു. അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് തങ്ങളുടെ ജീവിതം കാഴ്ചവച്ചു. ഇപ്രകാരം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുകയും ചെയ്തു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ജുമുഅ ഖുത്ബ 2017 ഏപ്രിൽ 14/1396 ശഹാദത്ത് 14**
**റൗൺഹെയിം(ഞമൗിവലശാ) ഫ്രങ്ക്ഫർട്ട്(ജർമനി**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ - اَلرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -

ഏറ്റവുമാദ്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ജമുഅ നമസ്കരിക്കുന്നതിനുവേണ്ടി ജമാഅത്ത് ഇന്നിവിടെ സ്ഥലമെടുത്തു. അടുത്ത ജുമുആയും ഒരുപക്ഷേ, ഇവിടെത്തന്നെയായിരിക്കുമെന്നാണ് പറയുന്നത്. ഇവിടെ വിമാനത്താവളം അടുത്തായ കാരണത്താൽ വിമാനങ്ങൾ വന്നുംപോയും ഇരിക്കുന്നതുകൊണ്ട് വിമാനങ്ങളുടെ ബഹളമുണ്ടാകാവുന്നതാണ്. ഒരുപക്ഷേ, ചില സമയത്ത് ശബ്ദം വളരെ കൂടുതലായിട്ടുണ്ടാകും. ബഹളമുണ്ടായാലും എന്റെ ശബ്ദം നിങ്ങളിലേക്കെത്താനും വാക്കുകൾ നിങ്ങൾക്ക് മനസ്സിലാകാനും ഞാൻ പരിശ്രമിക്കുന്നതാണ്. ഇപ്പോഴുള്ളതുപോലുള്ള ബഹളമാണെങ്കിൽ അത് സഹിക്കാവുന്നതേയുള്ളു. ഇത് കാറ്റുവീശുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവർ പറയുന്നത് കാറ്റിന്റെ ഗതി ഈ ഭാഗത്തേക്കാണെങ്കിൽ ശബ്ദം കൂടുൽ വരുമെന്നാണ്. മറുഭാഗത്തേക്കാണെങ്കിൽ അല്പം കുറഞ്ഞ ശബ്ദമേ ഉണ്ടാകുകയുള്ളു. എന്തായാലും സ്ഥലത്തിന്റെ ഞെരുക്കം കാരണത്താൽ ബയ്ത്തുസ്സുബൂഹിൽ ജുമുഅ നടക്കുകയില്ല. ഉചിതമായ വിലയ്ക്ക് മറ്റേതെങ്കിലും സ്ഥലമോ ഹാളോ കിട്ടിയില്ല എന്നാണ് ജമാഅത്ത് പറയുന്നത്. നേരത്തെ ശ്രമിച്ചിരുന്നെങ്കിൽ കിട്ടുമായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. പക്ഷേ, പരിപാടി നടക്കേണ്ട കൃത്യഅവസരത്തിൽ ജോലി ആരംഭിക്കുക എന്നത് നമ്മുടെ ആളുകളുടെ ശീലമാണ്. ജോലി നടന്നുകൊള്ളും എന്ന ശുഭപ്രതീക്ഷയോടെ ഇരിക്കുകയും ചെയ്യുന്നു. ചില ജോലികൾ യുദ്ധകാലാടിസ്ഥാനത്തിലും നടന്നുപോകുന്നു എന്നത് അല്ലാഹുവിന്റെ കൃപയാണ്. എപ്രകാരം അഹ്മദിയ്യാ ജമാഅത്തിന്റെ ജോലി നടന്നുപോകുന്നുവോ അതുപോലെ മറ്റാരുടേയും ജോലി ഒരു പക്ഷേ, നടക്കുകയില്ല. പക്ഷേ, ഇതിന്റെ അർഥം ആദ്യമേ പ്ലാനിംഗ് (Planning)ചെയ്യണ്ട എന്നല്ല. ഈ ശുഭപ്രതീക്ഷയും ശ്രദ്ധയില്ലായ്മയും പ്രാധാന്യത്തിന്റെ ബോധമില്ലായ്മയും കാരണത്താൽ ബയ്ത്തുസ്സുബൂഹിനോടുചേർന്നുള്ള പുതിയതായി വാങ്ങിയ കെട്ടിടമായ ബയ്ത്തുൽആഫിയത്തിലും ജുമുഅയോ മറ്റേതെങ്കിലും പരിപാടിയോ നടത്താൻ ഇതുവരെ അനുവാദം കിട്ടിയിട്ടില്ല.

കഴിഞ്ഞവർഷം ഞാൻ ജൽസയിൽ വന്നപ്പോൾ ബയ്ത്തുസ്സുബൂഹിലാണ് ജുമുഅ നമസ്കരിപ്പിച്ചത്. സ്ഥലപരിമിതി നിമിത്തം സ്ത്രീകളേയും സമീപവാസികളായ ജമാഅത്തുകളേയും ജുമുഅയ്ക്ക് വരരുതെന്ന് പറഞ്ഞ് തടഞ്ഞിരുന്നു. ഇത്തരത്തിലുള്ള ബു ദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ആ സമയത്ത് ഞാൻ ജമാഅത്തിന്റെ സംഘാടകരോടു ബയ്ത്തുൽ ആഫിയത്ത് ഉപയോഗിക്കാൻ പെട്ടെന്ന് അനുവാദം വാങ്ങാൻ പറഞ്ഞിരുന്നു. ഞാൻ വിചാരിക്കുന്നത്, അല്ലെങ്കിൽ അവരുടെ റിപ്പോർട്ടനുസരിച്ച് ഗൗരവത്തോടെ ആ സമയം മുതൽ ഇവർ അതിനുവേണ്ടി ശ്രമിക്കുന്നുണ്ടെങ്കിലും കൗൺസിൽ ചില ചെറിയ ചെറിയ ആക്ഷേപങ്ങൾ പറഞ്ഞുകൊണ്ടു പോകുകയാണ്. ചെന്നുടനെ ക്ലിയറൻസ് വാങ്ങാൻ കൗൺസിൽ അവരുടെ കീഴിലുള്ള വ്യവസ്ഥിതിയല്ലെന്നുള്ള കാര്യങ്ങൾ ആദ്യമെ നോക്കിക്കാണേണ്ടതായിരുന്നു. കെട്ടിടം വാങ്ങിയതുമുതൽ ഗൗരവത്തോടെയും വേഗത്തിലും അത് ഉപയോഗിക്കാനുള്ള അനുവാദം വാങ്ങുന്നതിനും വേണ്ടുന്ന മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള ജോലികൾ ആരംഭിക്കേണ്ടതായിരുന്നു. ആ ജോലി ആരംഭിച്ചിരുന്നെങ്കിൽ ഇന്ന് ഇത്ര ബുദ്ധമുട്ടുണ്ടാകുമായിരുന്നില്ല. അവരുടെ ചിന്തയിൽ ഇന്നത്തെ ഈ സ്ഥലം വളരെ വലുതായിരുന്നു. ഈസ്റ്ററിന്റെ അവധികൾ കാരണത്താൽ ജനങ്ങൾ കൂടുതൽ വന്ന തുകൊണ്ട് ഈ സ്ഥലവും ചെറുതായിക്കൊണ്ടിരിക്കുന്നു. ഈ ഞെരുക്കം ബയ്ത്തുൽആഫിയത്തിലും ഉണ്ടാകാമായിരുന്നു. പക്ഷേ, പൊതുജുമുഅ അവിടെ നിർവഹിക്കാൻ കഴിയുമായിരുന്നു. കെട്ടിടം വാങ്ങിയിട്ട് രണ്ടുമൂന്നു വർഷമായി. ഇപ്പോഴും അതുപയോഗിക്കാൻ ചില തടസങ്ങളുണ്ട്. ഈ കെട്ടിടം വാങ്ങിയപ്പോൾ ലോകത്തിന്റെ അവസ്ഥകളും കുറച്ചു നല്ലതായിരുന്നു. മുസ്ലീംകളെ സംബന്ധിച്ചിടത്തോളം കുറച്ചു നല്ല അവസ്ഥകളായിരുന്നു. ഇക്കാരണത്താൽ ആ നേരത്ത് ജോലി തുടങ്ങിയിരുന്നെങ്കിൽ വേഗം അനുവാദം കിട്ടാൻ സാധ്യത ഉണ്ടായിരുന്നു. പക്ഷേ, ഇന്നു മുസ്ലീംകളെ കുറിച്ചുള്ള തെറ്റുധാരണകൾ വർധിച്ചിരിക്കുന്നു. ഇക്കാരണത്താൾ ബുദ്ധിമുട്ടുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇക്കാരണമല്ലെന്നും ഇങ്ങനെ ഉണ്ടാകേണ്ടതുതന്നെയായിരുന്നെന്നും അമീർസാഹിബും സംഘാടകരും പറയുമായിരിക്കാം. പക്ഷേ, എന്തായാലും ഇത് ഇവരുടെ അലസതയാണ്. എല്ലാ ജോലിയും ഓരോന്ന് പറഞ്ഞ് പിന്തിപ്പിക്കുന്ന ശീലവുമാണ്. ഇക്കാരണത്താൽ ഇന്ന് നമുക്ക് ഈ ബുദ്ധിമുട്ടുണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു സംഘാടകർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ള കഴിവും നല്കുമാറാകട്ടെ. ശുഭപ്രതീക്ഷയിൽ അകപ്പെടുന്നതിൽനിന്ന് അവരെ രക്ഷിക്കുമാറാകട്ടെ. യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്നവരാകട്ടെ. നിങ്ങൾ നിങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുത്തു. അപ്പോൾ അവരുടെ ജോലികളിൽ തിരിച്ചറിവ് ഉണ്ടാക്കുന്നതിനും ബുദ്ധി ഉണ്ടാക്കുന്നതിനും അവർക്കുവേണ്ടി മുടങ്ങാതെ ദുആചെയ്തുകൊണ്ടിരിക്കേണ്ടതും നിങ്ങളുടെ നിർബന്ധ കടമയാണ്.

എന്തായാലും കുറച്ചുമിനിറ്റുകൾക്കുള്ളിൽ മൂന്നുനാലു വിമാനങ്ങൾ പോയ ശബ്ദം നമ്മൾ കേട്ടു. ഇതെന്തായാലും സഹിക്കേണ്ടതായി വരും. കുറച്ചാളുകൾ മാത്രം ജുമുആയിൽ പങ്കെടുക്കാൻ വരാനും സ്ത്രീകളുടെമേൽ നിയന്ത്രണം ഏർപെടുത്താനും മാത്രമേ രണ്ടാമതായി ചെയ്യാൻ പറ്റുമായിരുന്നുള്ളു. പാക്കിസ്താനിലും ജമാഅത്തിന് എതിർപുള്ള സ്ഥലങ്ങളിലും അവസ്ഥകൾ കാരണത്താൽ സ്ത്രീകളെ ജുമുആയിൽ പങ്കെടുക്കുന്നതിൽനിന്ന് തടയാറുണ്ട്. ഇതിന്നിടയിൽ ജുമുഅകൾ വിവിധ സ്ഥലങ്ങളിലും നമസ്കരിക്കുന്നു. ഒരു കേന്ദ്രീകൃതസ്ഥലത്ത് നമസ്കരിക്കാറില്ല. അൽജീരിയായിൽ പൂർണ നിയന്ത്രണമാണ്. ഏതെങ്കിലും സെന്ററിലോ എന്നല്ല വീടുകളിൽപോലും ജുമുഅ നമസ്കരിക്കാൻ പറ്റില്ല. അവിടെ അക്രമപരമായ നിയമവും ശത്രുവിനോടുള്ള ഭയവും കൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇവിടെയാണെങ്കിൽ മതസ്വാതന്ത്ര്യമുണ്ട്. ഇവിടെ ഈ തടസമുണ്ടാക്കുന്നത് നമ്മുടെ മടിയും കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാത്ത കാരണത്താലുമായിരിക്കും. അതുതന്നെ സംഭവിക്കുകയും ചെയ്യുന്നു. അടുത്ത ജുമുആയ്ക്കുവേണ്ടി, അതായത് ഈ വരാൻപോകുന്ന ജുമുഅ അല്ല പക്ഷേ, ഇനി വരാൻ എപ്പോൾ പരിപാടി ഉണ്ടായാലും ഇൻശാഅല്ലാഹ് ആ സമയത്ത് ബയ്ത്തുൽ ആഫിയത്ത് ഉപയോഗിക്കാൻ

അനുവാദം കിട്ടുന്നതിന് അല്ലെങ്കിൽ എല്ലാവർക്കും സുഖമായി പങ്കെടുക്കാനും കാര്യങ്ങൾ ഭംഗിയായി നടത്താനും കഴിയുന്ന സ്ഥലം കിട്ടുന്നതിന് ദുആ ചെയ്യുക. ഈ ഞെരുക്കം അവിടെ ബയ്ത്തുൽ ആഫിയത്തിൽ കുറച്ചു സമയത്തേക്കെങ്കിലും അകന്നു പോകാവുന്നതാണ്. ജമാഅത്ത് ഇൻശാഅല്ലാഹ് എന്തായാലും വളരേണ്ടതാണ്. വളർന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഏതുസ്ഥലം നമ്മൾ എടുക്കുകയാണെങ്കിലും ചെറുതായിക്കൊണ്ടുപോകുന്നതാണ്. പക്ഷേ, ഒരു സ്ഥലമെടുത്തിട്ട് നമ്മുടെ അലസത കാരണത്താൽ പല വർഷങ്ങളായി ഉപയോഗിക്കാതെ ഈ സ്ഥലവും ഞെരുങ്ങിപ്പോയി എന്നു പറയുന്നത് മരുപടിയല്ല. ബുദ്ധിപരവുമല്ല.

ഇന്നത്തെ ഖുത്ബയ്ക്കുവേണ്ടി മറ്റു ചില വിഷയങ്ങളാണ് ഞാൻ എടുത്തിരുന്നത്. പക്ഷേ, ചില മർഹൂമീങ്കളുടെ ജനാസ നമസ്കരിക്കേണ്ടതുണ്ട്. അവരെ കുറിച്ചുള്ള ചില കാര്യങ്ങൾ മുമ്പിൽ വന്നു. അതുകൊണ്ട് അവരെക്കുറിച്ച് പറയാമെന്ന് ഞാൻ വിചാരിച്ചു. അവരിൽ ഒരാൾ ശഹീദാണ്. ഒരാൾ ജമാഅത്തിന്റെ മുറബ്ബിയാണ്. ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പൗത്രിയാണ്. ഇവരുടെ ചില സവിശേഷ ഗുണങ്ങൾ ജമാഅത്തിലെ എല്ലാതരക്കാർക്കും സൽമാതൃകയാണ്. അത് നമ്മളിൽ അധികമാളുകൾക്കുമുള്ള അനുകരണീയ മാതൃകകളാണ്. ഒരുപാടാളുകൾക്ക് അവയിൽ പാഠങ്ങളുണ്ട്. അതുകൊണ്ട് ഈ പരേതാത്മാക്കളുടെ സംക്ഷിപ്ത വിവരം പറയുന്നതിനുപകരം അവരെക്കുറിച്ച് തുറന്ന നിലയിൽ പറയാമെന്ന് ഞാൻ കരുതി.

എന്റെ മുമ്പിൽ വന്നിട്ടുള്ള ഓരോരുത്തരുടേയും ജീവിതത്തിന്റെ വശങ്ങൾ അല്ലെങ്കിൽ അവർ അങ്ങനെയുള്ളവരാണെന്ന് എനിക്കറിയാവുന്നത് അവർ മൻ ഖളാ നഹ്ബഹൂ (അവർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു-33:24) എന്നതിന്റെ സാക്ഷ്യങ്ങളാക്കുന്നു. അവർ തങ്ങളുടെ പ്രതിജ്ഞകളേയും നിയ്യത്തുകളേയും ഉദ്ദേശ്യങ്ങളേയും പൂർത്തിയാക്കുന്നവരായിരുന്നു. അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടി. അങ്ങനെ തന്നെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുകയും ചെയ്തു. ഒന്നാമതായി...

**പ്രൊഫസർ ഡോക്ടർ അശ്ഫാഖ് അഹ്മദ് സാഹിബ്:**

അവരിൽ ആദ്യമുള്ളത് നമ്മുടെ ശഹീദ് സഹോദരൻ പ്രൊഫസർ ഡോക്ടർ അശ്ഫാഖ് അഹ്മദ് സാഹിബാകുന്നു. അദ്ദേഹം കഴിഞ്ഞ ജുമുഅ ദിവസം ശഹീദാക്കപ്പെട്ടു. പ്രൊഫസർ ഡോക്ടർ റിട്ടയേർഡ് അശ്ഫാഖ് അഹ്മദ് സാഹിബ് ലാഹോറിലെ ശേയ്ഖ് സുൽത്വാൻ അഹ്മദ് സാഹിബിന്റെ മകനായിരുന്നു. 68 വയസ്സായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ജുമുഅ നമസ്കരിക്കുന്നതിനുവേണ്ടി തന്റെ കാറിൽ ബയ്ത്തുത്തൗഹീദിലേക്ക് പോകുമ്പോൾ വഴിയിൽവച്ച് മോട്ടർ സൈക്കളിൽവന്ന ഒരു അഹ്മദിയ്യാ വിരോധി നിറയൊഴിച്ച് അദ്ദേഹത്തെ ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പറയുന്നു: സംഭവ ദിവസം ശഹീദ് മർഹൂം തന്റെ 12 വയസ്സുള്ള പൗത്രൻ അസീസം ശാഹ്സേബിനോടും സബസാർ ഹൽഖയുടെ ഒരു അഹ്മദി സ്നേഹിതനായ ളഹീർ അഹ്മദ് സാഹിബിനോടുമൊപ്പം തന്റെ കാറിൽ ജുമുഅ നമസ്കരിക്കാൻ മസ്ജിദിൽ പോകുകയായിരുന്നു. ശഹീദ് മർഹൂം തന്നെയായിരുന്നു ഡ്രൈവ് ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ പൗത്രൻ മുന്നിലെ രണ്ടാമത്തെ സീറ്റിൽ ഇരിപ്പുണ്ടായിരുന്നു. രണ്ടാമത്തെ സ്നേഹിതൻ പിന്നിലാണ് ഇരുന്നിരുന്നത്. സബ്സസാറിൽനിന്ന് മുൾത്താൻ റോഡിലെത്തിയപ്പോൾ അവിടെ റോഡുപണി നടക്കുന്ന കാരണത്താൽ ട്രാഫിക് തടസമുണ്ടായി. അദ്ദേഹത്തിന്റെ വണ്ടി നിറുത്തിയുടനെ ഹെൽമറ്റ് ധരിച്ച ഒരു മോട്ടർസൈക്കിൾക്കാരൻ ഡ്രൈവിംഗ് സീറ്റിന്റെ അടുത്തുവന്ന് നെറ്റിയിൽ കൈത്തോക്ക് വെച്ച് നിറയൊഴിച്ച് ഓടിപ്പോയി. വെടിയുണ്ട നെറ്റിയിലൂടെ കടന്ന് പുറത്തു ചാടി. സംഭവസ്ഥലത്തുതന്നെ അദ്ദേഹം ശഹാദത്തിന്റെ പാനീയം കുടിച്ചുകഴിഞ്ഞിരുന്നു. മറ്റു രണ്ടുപേരും സുരക്ഷിതരായിരുന്നു. അവരെ അയാൾ ഒന്നുംതന്നെ പറഞ്ഞില്ല.

ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ശഹീദ് മർഹൂമിന്റെ പിതാമഹൻ ശേയ്ഖ് അബ്ദുൽ ഖാദിർ സാഹിബ് മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ലുധിയാനയിൽ വന്ന കാലത്തായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ബന്ധം ഇന്ത്യയിലെ കിഴക്കൻ പഞ്ചാബിലെ സിങ്കൂറുമായിട്ടായിരുന്നു. ഈ പ്രദേശത്തെ ഒരു മഹാത്മാവായ പീർ മീരാ ബഖ്ശ് സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ശഹീദ് മർഹൂമിന്റെ പിതാമഹനെ അഹ്മദിയ്യത്ത് സ്വീകരിക്കാൻ ക്ഷണിക്കുകയായിരുന്നു. അങ്ങനെ ശഹീദ് മർഹൂമിന്റെ പിതാമഹൻ കുടുംബത്തോടുകൂടി അഹ്മദിയ്യത്ത് സ്വീകരിച്ചു. പാകിസ്താൻ സ്ഥാപിതമാകുന്നതിനുമുമ്പേ ശഹീദ് മർഹൂമിന്റെ പിതാമഹൻ വഫാത്തായി. പാക്കിസ്താൻ സ്ഥാപിതമായതിനുശേഷം അദ്ദേഹത്തിന്റെ പിതാമഹി ആയിശ സാഹിബ കുടുംബത്തിന്റെ നടത്തിപ്പ് വഹിച്ചുകൊണ്ട് കുടുംബത്തോടൊപ്പം ഇന്ത്യയിൽനിന്ന് പാക്കിസ്താനിലെ ലാഹോറിലേക്ക് ഹിജ്റത്ത് ചെയ്തു. കുറച്ചുകാലം ക്യാമ്പിൽ താമസിച്ചതിനുശേഷം ലാഹോറിലെ സന്ദ് നഗറിൽ താമസമാക്കി. ഇവിടെയാണ് ശഹീദ് മർഹൂം 1949-ൽ ജനിച്ചത്. കുറച്ചു വർഷങ്ങൾക്കുശേഷം ഈ കുടുംബം റബ്വയിലേക്ക് മാറിത്താമസിച്ചു. ശഹീദ് മർഹൂമിന്റെ പ്രാഥമിക വിദ്യാഭ്യാസം റബ്വയിലായിരുന്നു. മെട്രിക് പാസായതിനുശേഷം ലാഹോറിലെ വെറ്റിനറി കോളേജിൽ ചേർന്നു. ഇക്കാരണത്താൽ വീണ്ടും ഇദ്ദേഹത്തിന്റെ കുടുംബം ലാഹോറിൽ താമസം തുടങ്ങി. വെറ്റിനറിയിൽ എം.എസ്സ്.സി ചെയ്തതിനുശേഷം വെറ്റിനറി കോളേജിൽത്തന്നെ ലക്ചററായി നിയമിതനായി. പിന്നീട് പ്രൊഫസർ സ്ഥാനത്തുവരെ എത്തി. പരേതന്റെ പിതാവ് ശേയ്ഖ് സുൽത്വാൻ അഹ്മദ് സാഹിബ് പഞ്ചാബ് പോലീസിൽ സബ് ഇൻസ്പെക്ടറായിരുന്നു. പിന്നീട് എഫ് എസ് എഫ് (FSF)രൂപീകരിച്ചപ്പോൾ അവിടെ ഇൻസ്പെക്റായി സേവനം ചെയ്തുകൊണ്ടിരുന്നു. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഖിലാഫത്തിനോടു അതിയായ സ്നേഹമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്ന ആളും അതിഥിസൽക്കാരപ്രിയനും സൃഷ്ടിസേവന തൽപരനും ഭാരവാഹികളെ അനുസരിക്കുന്നവ്യക്തിയും ആത്മാർഥനുമായിരുന്നു. എപ്പോഴും ജമാഅത്തിനു സേവനം ചെയ്യുന്നതിൽ മുൻപന്തിയിലുണ്ടാകുമായിരുന്നു. ഉന്നതമായ സ്വഭാവങ്ങളുടെ ഉടമയായിരുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിൽ വളരെ ആവേശമായിരുന്നു. ഉത്കൃഷ്ട സ്വഭാവിയും സുശീലനുമായ കാരണത്താൽ തന്റെ വിദ്യാർഥികളിലും കൂടെ ജോലിചെയ്തിരുന്ന പ്രൊഫസർമാരിലും ഒരുപോലെ സ്വീകാര്യനായിരുന്നു. തന്റെകൂടെ ജോലി ചെയ്തിരുന്ന പ്രൊഫസർമാരെ ഭക്ഷണം കഴിക്കുന്നതിന് വീട്ടിലേക്ക് ക്ഷണിക്കുമായിരുന്നു. നല്ല നിലയിൽ ജമാഅത്തിനെ പരിചയപ്പെടുത്തുമായിരുന്നു. ഇക്കാരണത്താൽ ചില ഘട്ടങ്ങളിൽ അദ്ദേഹത്തിന് ഭീഷണിയും ലഭിച്ചിരുന്നു. പക്ഷേ, അതൊന്നും അദ്ദേഹം വകവെച്ചില്ല. ഇതൊരു നിസാരകാര്യമാണെന്ന് എപ്പോഴും പറയുമായിരുന്നു. കുട്ടിക്കാലംമുതലെ ശഹീദ് മർഹൂമിന് ജമാഅത്തിന് സേവനം ചെയ്യുന്നതിൽ വളരെ ഉത്സാഹമായിരുന്നു. ജമാഅത്തുപരവും സംഘടനാപരവുമായ നിലയിൽ വിവിധ വകുപ്പുകളിൽ ജോലി ചെയ്യാൻ തൗഫീഖ് ലഭിച്ചു. 'സബ്സാർ' ഹൽഖയിൽ താമസം തുടങ്ങിയതിനുശേഷം ഹൽഖ സ്വദ്ർ, നാഇബ് സഈംഅൻസ്വാറുല്ലാ എന്നീ നിലകളിൽ നല്ല രീതിയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഈ വർഷം അദ്ദേഹത്തിന്റെ നിയമനം ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി എന്നനിലയിൽ ലാഹോറിലെ അല്ലാമ ഇഖ്ബാൽ ഇമാറത്തിലാണുണ്ടായത്. വളരെ നല്ല രീതിയിൽ അദ്ദേഹം തന്റെ ദഅ്വത്തെ ഇലല്ലാഹ് പ്രവർത്തനത്തിന് തുടക്കം കുറിച്ചിരുന്നു. പരിപാടികൾ തയ്യാറാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഭാര്യക്ക് സന്ധിരോഗമുണ്ടായിരുന്നു. ദീർഘകാലം രോഗിയായിട്ടിരുന്നു. വളരെ സന്തോഷത്തോടെ ഇദ്ദേഹം അവർക്കു സേവനം ചെയ്തു. കഴിഞ്ഞവർഷം ഡിസംബറിലാണ് ഇദ്ദേഹത്തിന്റെ ഭാര്യ വഫാത്തായത്. ഇദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. ഒരു വളർത്തുമകനുണ്ടായിരുന്നു. ആ മകന് രണ്ടു മക്കളുണ്ട്; ശാഹ്സേബും ശാദേലും. അവർ ഇദ്ദേഹത്തോടൊപ്പം ലാഹോറിലാണ് താമസിച്ചിരുന്നത്. അതിലൊരു കുട്ടിയാണ് ഇദ്ദേഹത്തോടൊപ്പം ജുമുഅ നമസ്കരിക്കാൻ പോകുമ്പോൾ കൂടെ ഉണ്ടായിരുന്നത്. ഇദ്ദേഹത്തിന്റെ ഒരു സഹോദരൻ ഇൽയാസ് സാഹിബ് ബ്രമിംങ്ഹമ്മിലാണ്. ഇദ്ദേഹം പറയുന്നു, വളരെ വാത്സല്യനിധിയായ സഹോദരനായിരുന്നു. ചെറിയ സഹോദരങ്ങളെ മൂത്ത സഹോദരനെപോലെയല്ല മറിച്ച് പിതാവിനെപ്പോലെ നോക്കിയിരുന്നു. ഞങ്ങളുടെ ശിക്ഷണത്തിൽ വ്യക്തമായ പങ്കാണ് വഹിച്ചത്. നമസ്കാരവും അതിന്റെ തർജമയും വിശുദ്ധ ഖുർആനുമെല്ലാം ഞങ്ങൾ പഠിച്ചത് ഇദ്ദേഹത്തിൽനിന്നായിരുന്നു. തന്റെ ഇളയസഹോദരങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. വിദ്യാഭ്യാസത്തിലും എപ്പോഴും ഇദ്ദേഹം ഞങ്ങളെ സഹായിക്കുകയും മാർഗദർശനം നല്കുകയും ചെയ്തിരുന്നു. സ്കൂളിൽപോയി ഞങ്ങളുടെ ടീച്ചർമാരെ കാണാറുണ്ടായിരുന്നു. ഞങ്ങളെ കുറിച്ച് ചിന്താകുലനാകുമായിരുന്നു. ജമാഅത്തിന്റെ പരിപാടികളിൽ വളരെ തയ്യാറെടുപ്പോടുകൂടി ഞങ്ങളെ കൂടെകൊണ്ടുപോകുമായിരുന്നു. വിവിധ വൈജ്ഞാനിക മത്സരങ്ങളിൽ ഞങ്ങളെ തയ്യാറാക്കി പങ്കെടുപ്പിച്ചിരുന്നു. ജമാഅത്തായിട്ടുള്ള നമസ്കാരങ്ങളിൽ കൂടെ കൊണ്ടുപോകുമായിരുന്നു. (മൂത്ത സഹോദരൻ തന്റെ ഇളയ സഹോദരങ്ങളേയും മാതാപിതാക്കൾ തങ്ങളുടെ കുട്ടികളേയും ഇപ്രകാരം കൂടെകൊണ്ടുപോകുകയാണെങ്കിൽ നമ്മുടെ മസ്ജിദുകളിലെ ഹാജർ നില പല ഇരട്ടി വർധിക്കുന്നതാണ്). പിന്നീടു പറയുന്നു:ജമാഅത്തിന്റെ ഡ്യൂട്ടികളിൽ എപ്പോഴും ഞങ്ങളെ ആദ്യം കൊണ്ടുപോകുമായിരുന്നു.

ശഹീദ് മർഹൂം ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന്റെ കാലഘട്ടത്തിൽ ഒരു സ്വപ്നം കണ്ടിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ പറയുന്നു, ആ സ്വപ്നം ഇപ്രകാരമായിരുന്നു. പറയുന്നു, ഞാൻ കണ്ടു. ഞങ്ങളുടെ മഹല്ലിലെ ഒരു അനഹ്മദി മസ്ജിദിൽനി ന്ന് ഹദ്റത്ത് ഖലീഫത്തുൽ റാബിഅ് വഫാത്തായി എന്ന് വിളംബരം ചെയ്യുന്നു. വീട്ടിലെ ലെറ്റർബോക്സിൽ ഒരു കത്തി കിടക്കുന്നത് ഞാൻ കണ്ടു. അപ്പോൾ അദ്ദേഹം അതിനെ വ്യാഖ്യാനിച്ചത് കത്തി കണ്ടതുകൊണ്ടുള്ള ഉദ്ദേശ്യം ജമാഅത്തിന് ത്യാഗങ്ങൾ ചെയ്യേണ്ടി വരുമെന്നാണ്. ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ വഫാത്തിന്റെ വിളംബരം കൊണ്ടുള്ള ഉദ്ദേശ്യം അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ജമാഅത്തിന് എത്രമാത്ര അഭിവൃദ്ധി ഉണ്ടാകുമെന്നാൽ മരണവിവരം സ്പീക്കറിലൂടെ അറിയിക്കേണ്ടി വരുന്നതാണ്. അദ്ദേഹം ധരിച്ചത് എം.ടി.എ യിലൂടെ മരണവിവരം വിളംബരം ചെയ്തുകൊണ്ടേയിരുന്നതിനാൽ അത് അങ്ങനെ പൂർത്തിയായി എന്നാണ്. അദ്ദേഹം കണ്ട കത്തി അദ്ദേഹത്തിന്റെ ശഹാദത്തിലേക്കുള്ള സൂചനയായിരുന്നു. ഇദ്ദേഹത്തിന്റെ സഹോദദരൻ സ്വപ്നത്തെ വ്യാഖ്യാനിച്ചത് അത് ഇദ്ദേഹത്തിന്റെ ശഹാദത്തിലേക്കുള്ള സൂചനയായിരുന്നു, അതും പൂർത്തിയായി എന്നാണ്. ശരിയായ സ്വപ്നവ്യാഖ്യാനം ഇതാണെന്ന് തോന്നുന്നു. പറയുന്നു, 'ഞങ്ങളുടെ സഹോദരൻ ഞങ്ങളെ കവച്ചുവച്ചുപോയി. കുടുംബത്തിന്റെ പേര് തിളക്കമാർന്നതാക്കി. ശഹാദത്തിന്റെ പദവി പ്രാപിച്ച് കുടുംബത്തിലെ ആദ്യ ശഹീദായി ഞങ്ങൾക്കെല്ലാവർക്കും എന്നെന്നേക്കുമുള്ള മാതൃക ഉപേക്ഷിച്ചുപോയി.' അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന് ആറ് സഹോദരങ്ങളും ഒരു സഹോദരിയുമാണ്. ഏകദേശം എല്ലാവരും വിദേശത്തുതന്നെയാണ്.

രണ്ടാമതായി എനിക്ക് സ്മരിക്കാനുള്ളത് ഇന്ത്യയിലെ ഗോദാവരി ഈസ്റ്റിലെ മുബല്ലിഗ് ഇൻചാർജ് എച്ച് നാസിറുദ്ദീൻ സാഹിബിനെയാണ്. 2017 ഏപ്രിൽ 7 ന് ഗോദാവരി നദിയിൽ മുങ്ങിപ്പോയതിനാൽ 42 -ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അപകട ദിവസം സെക്കന്ത്രാബാദ് അമീർ സാഹിബിനോടും ജമാഅത്തംഗങ്ങളോടുമൊപ്പം 'ബാങ്കിൽപൂഡി' ജമാഅത്തിൽ സുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹം നദിയിൽപോയി. നീന്തൽ വിദ്യ നല്ലവണ്ണം അറിയാമായിരുന്നു. അവിടെ ചില സഹോദരങ്ങളോടൊപ്പം നീന്തുന്നതിന്നിടയിൽ കാണാതെയായി. പിന്നീട് മുക്കുവന്മാരുടെ സഹായത്താൽ ഒരു മണിക്കൂർ തിരച്ചിലിനുശേഷം നദിയുടെ തീരത്ത് അദ്ദേഹത്തിന്റെ മൃതദേഹം കിട്ടി.

പരേതന്റെ പിതാവ് എ.ശാഹുൽഹമീദ് സാഹിബ് കേരളത്തിലെ തന്റെ പ്രദേശമായ കാവശേരിയിലെ ആദ്യത്തെ അഹ്മദിയായിരുന്നു. ഇദ്ദേഹം മുഖേനയാണ് അവിടെ ജമാഅത്ത് സ്ഥാപിതമായത്. ഇദ്ദേഹത്തിന്റെ മാതാവ് ചേലക്കര ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ടവരാണ്. പരേതൻ 2000-ൽ ഖാദിയാനിൽനിന്ന് പഠനം പൂർത്തിയാക്കി ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വിജയിയായ മുബല്ലിഗ് ആയി സേവനം ചെയ്തുകൊണ്ടിരുന്നു. മരണ സമയത്ത് ഈസ്റ്റ് ഗോദാവരി ജില്ലയിലെ മുബല്ലിഗ് ഇൻചാർജായി നിയമിതനായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'ജമാഅത്തിന്റെ സെന്റർ മാത്രമുള്ള ചിലയിടങ്ങളിലും താമസിക്കേണ്ടി വന്നിട്ടുണ്ട്. അവിടെ ഭാര്യയേയും കുട്ടികളേയും കൂട്ടി നമസ്കരിപ്പിച്ച് ദർസ് കൊടുത്തിരുന്നു. ഈ പരമ്പര വഫാത്തിനു ഒരു ദിവസം മു മ്പേവരെ തുടർന്നുവന്നു.'

**ഇതിൽ മുറബ്ബിമാർക്കും മുബല്ലിഗുമാർക്കും പാഠമു**

**ണ്ട്. ജമാഅത്ത് ദൂര ദൂരയാണുള്ളതെങ്കിൽ, ആരും നമസ്കരിക്കാൻ എത്തുന്നില്ലെങ്കിൽത്തന്നെയും ജമാഅത്തായിട്ടുള്ള നമസ്കാരം എന്തായാലും നടക്കേണ്ടതാണ്; അത് സ്വന്തം കുടുംബക്കാരോടൊപ്പം ആയാലും വേണ്ടില്ല.**

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: "അദ്ദേഹം 'കാമറെഡ്ഡിയിൽ' നിയമിതനായപ്പോൾ നോട്ടീസു വിതരണം ചെയ്ത കാരണത്താൽ അദ്ദേഹത്തിന്നെതിരിൽ എതിർപ്പ് കൂടി. അദ്ദേഹം പിടിക്കപ്പെട്ടു. ശത്രുക്കൾ കഠിനമായി മർദ്ദിച്ചു. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രം കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായത്."

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'ഇവിടെ ഭയാനകമായ അവസ്ഥകളാണ്, ശത്രുതയും എതിർപ്പുമുണ്ട്. കേരളത്തിലേക്ക് മാറാൻവേണ്ടി അപേക്ഷ നല്കാമെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു.' അപ്പോൾ പറഞ്ഞു: 'നമ്മൾ ട്രാൻസ്ഫർ വാങ്ങി പോകുന്നതാണ്. നീ പറയുന്നത് ശരിതന്നെ. ഞാൻ ശത്രുത പറഞ്ഞുകൊണ്ട് കേന്ദ്രത്തിന് എഴുതിയാൽ കേന്ദ്രം ചിലപ്പോൾ ട്രാൻസ്ഫർ ചെയ്തേക്കാം. നമുക്ക് പോകുകയും ചെയ്യാം. പക്ഷേ, ഇവിടെ താമസിക്കുന്ന അഹ്മദികളെ എങ്ങോട്ടാണ് ട്രാൻസ്ഫർ ചെയ്യുക? അവർക്കെതിരിൽ ശത്രുത അതേപോലെ തന്നെ തുടരുകയാണ്.' പറയുന്നു: 'എതിർപ്പ് ഭയന്ന് പോകുക എന്നത് ശരിയായ കാര്യമല്ല. അതുകൊണ്ട് നമ്മൾ നമ്മുടെ വഖ്ഫിന്റെ പ്രതിജ്ഞ നിറവേറ്റേണ്ടതാണ്. നമ്മൾ ജീവിതം വഖ്ഫ് ചെയ്താണ് വന്നിട്ടുള്ളത്. ഏതവസ്ഥയായാലും നമ്മൾ ഇവിടെത്തന്നെ കഴിയേണ്ടതാണ്.' ഇങ്ങനെയും പറയാറുണ്ടായിരുന്നു: 'ഇനി ശഹാദത്തിന്റെ തൗഫീഖ് കിട്ടുകയാണെങ്കിൽ അതിനെക്കാൾ വലിയ സമ്മാനം മറ്റെന്താണുള്ളത്? അതുകൊണ്ട് നമ്മൾ ഇവിടെത്തന്നെ താമസിക്കേണ്ടതാണ്.'

ലാളിത്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, 'ഒരു ഫർണീച്ചറും ഒരിക്കലും വാങ്ങിയിരുന്നില്ല. വീട്ടിൽ വ്യക്തിപരമായ നിലയിൽ ഒരു ഫർണീച്ചറും ഉണ്ടായിരുന്നില്ല. എപ്പോഴും പറയുമായിരുന്നു, നമ്മൾ വഖ്ഫെ സിന്ദഗിയാണ്. ജമാഅത്ത് എവിടെയാണോ പറയുന്നത് അവിടെ നമ്മൾ പോകേണ്ടതാണ്. അതുകൊണ്ട് ഒരിക്കലും ഫർണീച്ചറോ വീട്ടു സാധനങ്ങളോ പെട്ടെന്നുള്ള നമ്മുടെ സ്ഥലം മാറ്റത്തിന് തടസമാകാൻ പാടില്ല. ജമാഅത്ത് തന്നിട്ടുള്ള സൗകര്യത്തിൽ നമ്മൾ കഴിയേണ്ടതാണ്. അതിൽ നമ്മൾ ജീവിക്കേണ്ടതാണ്. അതുകൊണ്ട് തൃപ്തിപ്പെടേണ്ടതാണ്.' **ഇതും ഒരു വാഖ്ഫെ സിന്ദഗിക്ക് മാതൃകയാണ്.**

കഴിഞ്ഞ വർഷം അമലാപുരത്തേക്ക് സ്ഥലമാറ്റമുണ്ടായിരുന്നു. അവിടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് എത്രമാത്രം കൃത്യനിഷ്ഠത പാലിച്ചിരുന്നുവെന്നാൽ നിത്യവും ഒരു കിലോമീറ്റർ നടന്നോ സൈക്കിളിലോ പോയി ആളുകളെ വിശുദ്ധ ഖുർആൻ പഠിപ്പിച്ച് തിരിച്ചു വരുമായിരുന്നു.' **ഇതും മുബല്ലിഗുമാർക്കും മുറബ്ബിമാർക്കുമുള്ള ഒരു മാതൃകയാണ്.**

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു :'അതിഥി സൽക്കാരത്തിന്റെ വലിയ സവിശേഷത അദ്ദേഹത്തിലുണ്ടായിരുന്നു. പറയുന്നു, 'ഞാൻ കുട്ടികളുടെ സ്കൂൾ അവധിയുടെ അവസരത്തിൽ കേരളത്തിൽ വരുന്ന കാരണത്താൽ വീട്ടിലില്ലാത്തപ്പോഴും അതിഥികൾ വന്നാൽ ഒരു വിഷമവും കാണിക്കുമായിരുന്നില്ല. സ്വയം തന്നെ എപ്പോഴും ഭക്ഷണം പാകം ചെയ്ത് അതിഥികളെ സൽക്കരിക്കുമായിരുന്നു.

ശഹാദത്തും അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു.' മുമ്പേ പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞു, 'ഞാൻ കൂടെക്കൂടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നേയും എന്റെ പിതാവിനേയും സ്വപ്നത്തിൽ കാണുന്നു. എന്റെ പിതാവ് എന്നോട് ആംഗ്യംകാണിക്കുന്നു, വിളിച്ചുകൊണ്ടിരിക്കുന്നു.' എന്തായാലും ദീനീ സേവനത്തിലായിരുന്നതുകൊണ്ട് ഒരു തരത്തിൽ അദ്ദേഹത്തിന് ശഹാദത്തും അങ്ങനെ ലഭിച്ചു. ദീനീസേവനത്തിനുവേണ്ടി പോയതായിരുന്നു. അവിടെ ഈ ദീനീ പര്യടനത്തിന്നിടയിൽത്തന്നെ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു, അപകട മരണം. ഇതും ശഹാദത്താണ് ഒരു തരത്തിൽ.

നല്ലപോലെ ദുആചെയ്യുന്നയാളും തഹജ്ജുദ് അനുഷ്ഠിക്കുന്നവ്യക്തിയും എല്ലാവരുമായും ഇടപഴകുന്ന ആളും തബ്ലീഗ് രംഗത്തെ നിർഭയനായ മുജാഹിദും (കർമ ഭടൻ) ആയിരുന്നു. പല പ്രാവശ്യവും എതിരാളികൾ തങ്ങളുടെ കസ്റ്റഡിയിൽവച്ച് അദ്ദേഹത്തെ മർദ്ദിച്ചിട്ടുണ്ട്. അതേക്കുറിച്ച് ജൽസയുടെ പ്രഭാഷണത്തിൽ സംഭവങ്ങൾ കേൾപ്പിക്കുമ്പോൾ ഒരിക്കൽ ഞാൻ കേൾപ്പിച്ചിരുന്നു. ഭയാനകമായ നിലയിൽ മൗലവിമാർ അദ്ദേഹത്തെ മർദ്ദിച്ചിരുന്നു.

അദ്ദേഹത്തിന് പ്രായാധിക്യമുള്ള മാതാവുണ്ട്. ദുഃഖാർത്തരായ കുടുംബാംഗങ്ങളിൽ ഭാര്യയും രണ്ടു ആൺകുട്ടികളുമുണ്ട്.

അദ്ദേഹത്തിന്റെ മൂത്ത രണ്ടു സഹോദരന്മാരിൽ ഒരാൾ കേരളത്തിലെ പാലക്കാട് ജില്ലാ അമീർ എച്ച് സുലൈമൻ സാഹിബാണ്.മറ്റൊരാൾ നിസാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാനിലെ മലയാളം സെക്ഷനിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന എച്ച് ശംസുദ്ദീൻ സാഹിബും.

ഇദ്ദേഹത്തോടൊപ്പം സേവനം ചെയ്യാൻ തൗഫീഖ് കിട്ടിയിരുന്ന മുബല്ലിഗ് നവീദുൽ ഫത്ഹ് ശാഹിദ് സാഹിബ് പറയുന്നു: 'മൗലാനാ എച്ച് നാസിറുദ്ദീൻ സാഹിബ് കേരള സ്വദേശിയായിരുന്നു. ഏകദേശം 18 വർഷമായി ആന്ധ്രാ, തെലുങ്കാന സംസ്ഥാനങ്ങളിൽ സേവനനിരതനായിരുന്നു. ഒരേ പ്രദേശത്ത് ജോലി ചെയ്യുന്നതു കൊണ്ട് അധികവും കാണാറുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധിക്കായി എന്തുജോലിയും ചെയ്യാൻ എപ്പോഴും സന്നദ്ധനായിരുന്നു. വളരെയധികം സ്നേഹിക്കുന്ന മനുഷ്യനായിരുന്നു. ആലിം ബാ അമൽ (കർമാനുഷ്ഠാനിയായ പണ്ഡിതൻ) ആയിരുന്നു. മുടക്കം കൂടാതെ തഹജ്ജുദ് നമസ്കരിച്ചിരുന്നു. നിത്യവും പതിവായി തഅ്ലീം തർബിയ്യത്ത് പ്രവർത്തനം നടത്തിയിരുന്നു. ഓഫീസ് ജോലിക്കായി നിത്യവും പ്രത്യേക സമയം വെച്ചിരുന്നു. മഹാത്മാക്കളെ ആദരിക്കുക എന്നത് അദ്ദേഹത്തിന്റെ ഒരു വിശേഷ ഗുണമായിരുന്നു. ചെറിയവരോടുള്ള പെരുമാറ്റവും പ്രത്യേകമായ സവിശേഷഗുണമായിരുന്നു. എല്ലാ ദിവസവും പതിവായി പുറത്തുപോകുമായിരുന്നു. ഒരു ഭയവുമുണ്ടായിരുന്നില്ല. എതിരാളികളുണ്ടെങ്കിൽ അവർ എന്തു ചെയ്യാനാണെന്ന് ചോദിക്കുമായിരുന്നു. ഇക്കാരണത്താൽ അനഹ്മദികളുടേയും വൃത്തം അദ്ദേഹത്തിന് വളരെ വിശാലമായിരുന്നു. കാരണം അവരോടും പ്രസന്നതയോടെ പെരുമാറിയിരുന്നു. വലിയ പ്രിയങ്കരനായിരുന്നു.'

പറയുന്നു: 'ഞാൻ ഒരിക്കലും അദ്ദേഹത്തിന്റെ നെറ്റി ചുളിഞ്ഞു കണ്ടിട്ടില്ല. ഒരിക്കലും ദേഷ്യത്തിലും കണ്ടിട്ടില്ല. തന്റെ കൂടെയുള്ള മുഅല്ലിമീങ്ങളോടും നല്ല നിലയിൽ പെരുമാറിയിരുന്നു. അവരുടെ കാര്യങ്ങൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു. എല്ലാവരോടും എങ്ങനെയുള്ള സ്നേഹമായിരുന്നുവെന്നാൽ അദ്ദേഹവുമായി ഇടപെടുന്ന ഓരോരുത്തരും അദ്ദേഹത്തിൽ അനുരക്തരാകുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വലിയ ചിട്ടയോടെ പാരായണം ചെയ്തിരുന്നു. പതിവായി വായിക്കുമായിരുന്നു. അതിനുവേണ്ടി പ്രത്യേക സമയം വച്ചിരുന്നു.' **ഇതും എല്ലാ ഓരോ മുബല്ലിഗിനും മുറബ്ബിക്കും അങ്ങേയറ്റം സുപ്രധാനവും അത്യാവശ്യവുമായ പാഠമാണ്.**

'വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽ ഒരിക്കലും അശ്രദ്ധ കാണിച്ചിരുന്നില്ല. എല്ലാദിവസവും പതിവായി ഡയറി എഴുതുമായിരുന്നു. ഖിലാഫത്തിൽനിന്ന് എന്തുകാര്യം പറഞ്ഞാലും എപ്പോഴും അത് ശ്രദ്ധയോടെ കേൾക്കുന്ന ശീലമായിരുന്നു. ഖുത്ബകൾ എപ്പോഴും സശ്രദ്ധം കേട്ടിരുന്നു. കേൾക്കുക മാത്രമല്ല മറിച്ച് പിന്നീട് അത് പൂർണമായും പ്രവർത്തനത്തിൽ കൊണ്ടുവരാനുള്ള ശ്രമമായിരുന്നു. അതിലെ ഓരോ വാക്കുകളുമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചിരുന്നു. വ്യാഖ്യാനങ്ങൾ നൽകുമായിരുന്നില്ല.' വാഖ്ഫിനെ സിന്ദഗിക്ക് ഇതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

'ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. നബി(സ)തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുമുള്ള സ്നേഹവും അനുരക്തിയും അതിരറ്റതായിരുന്നു.' ഇദ്ദേഹം പറയുന്നു, 'ഈ പ്രത്യേകതകളെല്ലാം അദ്ദേ ഹത്തിൽ വ്യക്തമായും ദൃശ്യമായിരുന്നു.'

ശത്രുക്കൾ അദ്ദേഹത്തെ കാമറെഡ്ഡി ബിലാൽ മസ്ജിദിൽ കൊണ്ടുപോയി ഒരുപാട് മർദ്ദിച്ചു. ക്ഷമയോടെ മർദ്ദനങ്ങൾ സഹിച്ചു. പിന്മാറിയില്ല.

മുബല്ലിഗ് സാഹിബ് പറയുന്നു: മർദ്ദങ്ങൾ കൊണ്ട് ഞാൻ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. പോലീസ് മുഖേനയാണ് രക്ഷപ്പെടുത്തിയത്. ആ സമയത്ത് ഞാൻ ആസ്പത്രിയിൽ പോയി കണ്ടിരുന്നു. പരുക്കുകൾ കാരണം വിവശനാണെന്നതും ബാന്റേജുകൾ പൊതിഞ്ഞിരിക്കുന്നുവെന്നതും ശരി തന്നെ, പക്ഷേ മുഖത്ത് ഒരു ആത്മീയ പ്രസന്നത ഉണ്ടായിരുന്നു. വളരെ സന്തോഷവാനായിരുന്നു. എല്ലാ സംഭവങ്ങളും വളരെ സമാധാനത്തിൽ കേൾപ്പിച്ചു കൊണ്ടിരുന്നു. ശത്രുക്കൾ ചോദിച്ചു; മിർസാ ഗുലാം അഹ്മദ് എന്ത് വാദമാണ് പുറപ്പെടിവിച്ചത്? അദ്ദേഹം പറഞ്ഞു; ശിഷ്യപ്രവാചകത്വ വാദമാണ് ചെയ്തിട്ടുള്ളത്. അപ്പോൾ ശത്രുക്കൾ കഠിനമായി മർദ്ദിച്ചു. അടിച്ചടിച്ച് അവശനാക്കുമായിരുന്നു. പിന്നെ ചോദിച്ചു; എന്താണ് ശിഷ്യപ്രവാചകത്വം? ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) നോടുള്ള സ്നേഹത്തിൽ ലീനനായതു കൊണ്ട് ലഭിച്ച നുബുവ്വത്താണത്. അതാണ് അദ്ദേഹത്തിന്റെ നുബുവ്വത്ത്. തുടർന്ന് വീണ്ടും ശത്രുക്കൾ മർദ്ദിച്ചു. ഏതായിരുന്നാലും ദീനീസേവനത്തിന് ഒരുപാട് മർദ്ദനങ്ങൾ ഏൽക്കാനും എനിക്ക് തൗഫീഖ് ലഭിച്ചുവെന്ന് പറഞ്ഞ് വളരെ നന്ദിയോടെയാണ് ഈ സംഭവങ്ങളെല്ലാം കേൾപ്പിച്ചത്.

ഈ കാര്യങ്ങൾ എഴുതുന്ന മുബല്ലിഗ് പറയുന്നു; അദ്ദേഹത്തിന്റെ ട്രാൻസ്ഫറിനെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ പറയുകയാണ്, എനിക്ക് ട്രാൻസ്ഫറാണ്, പക്ഷേ ശത്രുക്കളുടെ ഇടയിൽ പോയി താങ്കൾ ഒരുപാട് പ്രവർത്തിക്കണം. അവിടെ നിങ്ങൾക്ക് ഒരുപാട് അവസരങ്ങൾ ലഭിക്കും. പിന്നെ എത്തരത്തിലുള്ള എതിർപ്പാണെന്നും എങ്ങനെ തബ്ലീഗ് ചെയ്യണമെന്നും പറഞ്ഞു തരുകയുണ്ടായി. അതായത് തനിക്ക് ശേഷം വരുന്ന മുബല്ലിഗുമാർക്കും ധൈര്യം കൊടുത്തുകൊണ്ട് പറഞ്ഞു, ഭയപ്പെടരുത്, അഹ്മദിയ്യത്തിന്റെ സന്ദേശം ധൈര്യപൂർവം പ്രചരിപ്പിക്കണം.

മുഅല്ലിം വസീർ സാഹിബ് പറയുന്നു:'ഞാൻ അദ്ദേഹത്തെ പതിവായി തഹജ്ജുദ് നമസ്കരിക്കുകയും നമസ്കാരങ്ങൾ ഭയഭക്തിയോടെ അനുഷ്ഠിക്കുകയും നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും സൽസ്വഭാവിയും കർമയോഗിയുമാട്ടാണ് കണ്ടിട്ടുള്ളത്. ഖിലാഫത്തിനോടു പ്രത്യേക സ്നേഹമായിരുന്നു. ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. അതിഥി സൽക്കാര പ്രിയനും ലളിതജീവിതം ഇഷ്ടപ്പെടുന്ന വ്യക്തിയും അനാവശ്യ ചെലവുകളിൽനിന്ന് രക്ഷപ്പെടുന്ന ആളുമായിരുന്നു.'

പിന്നീട് ഇദ്ദേഹം എഴുതുന്നു:'ഗ്രന്ഥ പാരായണത്തിൽ വളരെ തൽപരനായിരുന്നു. അതേക്കുറിച്ച് നേരത്തേയും പറഞ്ഞതാണ്. എന്തെങ്കിലും ചോദ്യം ചോദിച്ചാൽ സമുചിതമായി മറുപടി നല്കുമായിരുന്നു. ഏതെങ്കിലും പരിപാടിയിലോ സദസ്സിലോ പ്രത്യേകിച്ചും യാത്രയിലോ ഖുദ്ദാമിനോടൊപ്പമിരുന്നാൽ ജമാത്തിനെ കുറിച്ച് ചർച്ച നടത്തുകയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. എല്ലാവരോടും ഉത്തമ സ്വഭാവത്തോടെ പെരുമാറിയിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തോടൊപ്പമിരിക്കാൻ ഓരോരുത്തരും ഇഷ്ടപ്പെട്ടിരുന്നു.'

പറയുന്നു: ഒരിക്കൽ കാമറെഡ്ഡിയിൽ ലീഫ്ലെറ്റ്സ് വിതരണം ചെയ്ത കാരണത്താൽ ശത്രുക്കൾ അദ്ദേഹത്തെ മർദ്ദിക്കാൻ പ്ലാൻ ചെയ്തിരുന്നു. ഫെബ്രുവരി 20ന് മുസ്‌ലിഹ് മൗഊദ് ദിന യോഗമായിരുന്നു. നമസ്കാര സെന്ററിൽ നേരത്തെ തന്നെ അദ്ദേഹം എത്തിച്ചേർന്നിരുന്നു. ഇതിനിടെ നൂറ് പേരടങ്ങുന്ന അനഹ്മദീ സംഘം അദ്ദേഹത്തെ തിരഞ്ഞ് പുറപ്പെട്ടിരുന്നു. അദ്ദേഹം നേരത്തെ മസ്ജിദിൽ എത്തിയതിനാൽ അവർക്ക് വഴിയിൽ അദ്ദേഹത്തെ കിട്ടിയില്ല. ശത്രുക്കൾ നമ്മുടെ മുഅല്ലിം മുഹമ്മദ് ഉമർ സാഹിബും ഭാര്യയും മക്കളും സെന്ററിലേക്ക് യോഗത്തിന് പോകുമ്പോൾ അവരെ തടഞ്ഞു വെക്കുകയും നാസിറുദ്ദീൻ വരാതെ നിങ്ങളെ വിടുന്നതല്ലെന്നു പറയുകയും ചെയ്തു. മർഹൂം ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ ഉടൻ തന്നെ അവിടെ എത്തി പറഞ്ഞു; ഞാനാണ് നാസിറുദ്ദീൻ. അങ്ങനെ ശത്രുക്കൾ മുഅല്ലിം സാഹിബിനേയും ഭാര്യാമക്കളേയും വിടുകയും അദ്ദേഹത്തെ മർദ്ദിച്ചു കൊണ്ട് പോകുകയും ചെയ്തു. വളരെ കഠിനമായി എല്ലാവരും മർദ്ദിച്ചു. അവസാനം പോലീസ് എത്തിയാണ് വിടുതൽ കിട്ടിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ നിഷേധിക്കണമെന്നതും അദ്ദേഹത്തെ കള്ളവാദിയാണെന്ന് പറയണമെന്നതുമായിരുന്നു അവരുടെ ശാഠ്യം. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ക്ഷമയും കരുത്തും നല്കമാറാകട്ടെ. (ആമീൻ).

**സാഹിബ് സാദി അമത്തുൽവഹീദ് ബീഗം സാഹിബ:**

അടുത്ത അനുസ്മരണം സാഹിബ്സാദ മിർസാ ഖുർശീദ് അഹ്മദ് സാഹിബിന്റെ ഭാര്യ സാഹിബ്

സാദി അമത്തുൽവഹീദ് ബീഗം സാഹിബയുടേതാണ്. 2017 ഏപ്രിൽ 10 ന് രാത്രി 10 മണിക്ക് ഏകദേശം 82 -ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇവർ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ഏറ്റവും ചെറിയ മകളായിരുന്നു. എന്റെ പിതൃസഹോദരിയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രിയും ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ ദൗഹിത്രിയുമായിരുന്നു. രണ്ടു പ്രാവശ്യം വളരെ ഗുരുതരമായ രോഗത്തിലൂടെ ഇവർ കടന്നിരുന്നു. പക്ഷേ, വലിയ ക്ഷമയോടും സഹിഷ്ണുതയോടുംകൂടി രോഗം സഹിച്ചു. ഡോക്ടർ നൂരി സാഹിബ് അവരെ കുറിച്ചെഴുതി:ഏകദേശം കഴിഞ്ഞ രണ്ടു ദശകത്തോളമായി അവർ രോഗ ബാധിതയായതുമുതൽ എന്റെ നോട്ടത്തിൽ അവർ നന്മയുടെ ഒരു ഉന്നത മാതൃകയായിരുന്നു. പറയുന്നു: രോഗത്തിന്റെ ബുദ്ധിമുട്ടിനെ അങ്ങേയറ്റം ക്ഷമയോടും തന്റേടത്തോടും കൂടി സഹിക്കുകയുണ്ടായി. ക്യാൻസർ രോഗമായിരുന്നു. അവസാന ദിനങ്ങളിൽ രോഗം ഭയാനകനിലയിലേക്ക് പൊയ്ക്കൊണ്ടിരുന്നു. പറയുന്നു: ഈ രോഗം ശാരീരികവും മാനസികവുമായ നിലയിൽ ഭയാനകമായ രൂപം പ്രാപിക്കുന്നു. ചികിത്സയും വളരെ വേദനാജനകമായിരിക്കും. പക്ഷേ, ഇതൊക്കെയായിട്ടും അല്ലാഹു പ്രദാനം ചെയ്ത ശക്തിയും ക്ഷമയുംകൊണ്ട് ഈ രോഗം തന്റെ നിത്യജീവിതത്തെ ബാധിക്കാൻ അവർ വിട്ടില്ല. വളരെ തന്റേടത്തോടും ക്ഷമയോടുംകൂടി അതിനെ നേരിട്ടു. ഡോക്ടർ സാഹിബ് എഴുതുന്നു:അവിടന്ന് ചിരിച്ചുകൊണ്ട് നിർഭയയായി എല്ലാ ജോലികളും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിന്റെ സംതൃപ്തിയിൽ സംതൃപ്തയായിരുന്നു. തന്റെ രോഗത്തിന്റെ അവസാന ദിവസംവരെ വീട്ടുകാര്യങ്ങൾ നോക്കിയിരുന്നു. അതിനോടൊപ്പം തന്റെ ഭർത്താവിന്റെ കാര്യങ്ങളും നോക്കിയിരുന്നു. ഭർത്താവിനോടും മാതൃകാപരമായ ഒരു ബന്ധമായിരുന്നു. സ്വയം രോഗിയായിരുന്നു. പക്ഷേ, അവരുടെ ഭർത്താവ് മിർസാ ഖുർശിദ് അഹ്മദ് സാഹിബിന്റെ ആഞ്ചിയോപ്ലാസ്റ്റി നടന്നപ്പോൾ തന്റെ രോഗം മറന്ന് അദ്ദഹത്തെ ശുശ്രൂഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അതിഥി സൽക്കാരമെന്ന ഗുണം അവരിൽ ഒരുപാടുണ്ടായിരുന്നു. ഏതു സമയത്ത് ആരു വന്നാലും സ്വീകരിക്കുമായിരുന്നു. അതിഥി അല്ലാത്തവരും അധികമായി വരാറുണ്ടായിരുന്നു; ജൽസ ദിനങ്ങളിലും ശൂറ തുടങ്ങിയവ നടക്കുന്ന ദിനങ്ങളിലും. എപ്പോഴും അതിഥികളെ കൂടുതൽ ശ്രദ്ധിക്കുമായിരുന്നു. രോഗബാധിതയായ ശേഷം ഇവിടെ ലണ്ടനിലും രണ്ടു പ്രാവശ്യം വന്നിരുന്നു. എന്നെ കണ്ടിരുന്നു. ഖിലാഫത്തിനുശേഷം 2005-ൽ ഖാദിയാനിലാണ് ആദ്യമായി കൂടിക്കാഴ്ച നടന്നത്. പിന്നീട് ഇവിടെ വന്നപ്പോഴും കണ്ടു. അവർക്കു ഖിലാഫത്തുമായി വലിയ ആത്മാർഥതയുടേയും കൂറിന്റേയും ബന്ധമായിരുന്നു. വലിയ കുടുംബബന്ധമായിരുന്നിട്ടും പ്രായം അധികമായിരുന്നിട്ടും അങ്ങേയറ്റം വിനയത്തോടെയാണ് കൂടിക്കാഴ്ചയ്ക്ക് വന്നിരുന്നത്. ഞങ്ങളുടെ മാതാവുമായിട്ട് അവർക്ക് ഭർതൃസഹോദരിയുടെ ബന്ധമായിരുന്നു. പക്ഷേ, പ്രായത്തിന്റെ അടിസ്ഥാനത്തിൽ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ഏറ്റവും ഇളയമകളായിരുന്നു. എന്റെ ഏറ്റവും മൂത്ത സഹോദരിയും ഇവരും ഏകദേശം സമപ്രായക്കാരായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എന്റെ മാതാവ് എപ്പോഴും അവരോടു തന്റെ കുട്ടികളോടെന്നപോലെയാണ് പെരുമാറിയിരുന്നത്. അവരും എന്റെ മാതാവിനെ ഒരിക്കലും നാത്തൂനായി കണ്ടിരുന്നില്ല. മറിച്ച് എപ്പോഴും ഞാൻ കണ്ടിട്ടുള്ളത് വളരെ ആദരവോടും മര്യാദകൾ പാലിച്ചും പെരുമാറുന്നതാണ്. അവർ എന്റെ ഉമ്മയെ വലിയ പുണ്യവതിയായി മനസ്സിലാക്കിയിരുന്നു. മാതൃകാപരമായൊരു ബന്ധമായിരുന്നു.

ഇവരുടെ നിക്കാഹ് നടത്തിയത് 1955 ഡിസംബർ 26 ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) ആയിരുന്നു. ആ നിക്കാഹിനോടൊപ്പം ഹദ്റത്ത് സയ്യിദ് മീർ മഹ്മൂദ് അഹ്മദിന്റെ നിക്കാഹും ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)ന്റെ മകൾ അമത്തുൽ മത്തീനുമായി നടന്നു. പിന്നീട് ചൗദ്രരീ സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ ഒരു മകളുടെ നിക്കാഹും ഇഅ്ജാസുൽഹഖ് സാഹിബുമായി നടന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) ഡിസംബർ 26 ന് ജൽസയുടെ ഉൽഘാടനത്തിനുമുമ്പേ പറഞ്ഞു: ഉൽഘാടന ഭാഷണത്തിനും ദുആയ്ക്കും മുമ്പേ ഞാൻ ചില നിക്കാഹുകൾ വിളംബരം ചെയ്യുന്നതാണ്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) പറഞ്ഞു: പൊതുവായുള്ള രീതി ജൽസയ്ക്കുശേഷം 29 നാണ് നിക്കാഹുകളുടെ വിളംബരം നടത്താറുള്ളത്. എന്നാൽ, ഈ നിക്കാഹുകൾ കുറച്ച് വിഭിന്നമായവയാണ്. അവിടന്ന് പറയുന്നു: ഒന്ന് എന്റെ മകൾ അമത്തുൽമത്തീന്റെ നിക്കാഹാണ്. അത് സയ്യിദ് മീർ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകൻ മീർ ഇസ്ഹാഖ് സാഹിബുമായി ഉറപ്പിച്ചിരിക്കുന്നു. രണ്ടാമത്തേത് ചൗദ്രരീ സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ മകളുടേതാണ്. മൂന്നാമത്തേത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകൾ അമത്തുൽ വഹീദ് ബീഗമിന്റേതാണ്. അത് ഹദ്റത്ത് മിർസാ അസീസ് അഹ്മദ് സാഹിബിന്റെ മകൻ മിർസാ ഖുർശിദ് അഹ്മദ് സാഹിബുമായി ഉറപ്പിച്ചിരിക്കുന്നു. മിർസാ ഖുർശിദ് അഹ്മദ് സാഹിബ് വാഖ്ഫെ സിന്ദഗിയുമാണ്.” പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞു: ‘ഇപ്പോൾ ഇദ്ദേഹം പഠിച്ചുകൊണ്ടിരിക്കുകയാണ്. വഖ്ഫ് ചെയ്യുന്നതാണ്. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദുആ വചനങ്ങൾ ചൊല്ലി. പറഞ്ഞു: അല്ലാഹു ഈ എല്ലാ നിക്കാഹുകളും അനുഗൃഹീതമാക്കുമാറാകട്ടെ. ആത്മീയമായ നിലയിലും ഭൗതികമായ നിലയിലും. ഭാവിയിൽ ജമാഅത്തിന്റെ ശക്തിയുടേയും കഴിവിന്റേയും അടിത്തറ ഈ നിക്കാഹുകൾ മുഖേന ഉണ്ടാകുമാറാകട്ടെ.’(ഖുത്ബാത്തെ മഹ്മൂദ് വാള്യം 3 പേജ് 672,675, 676)

അല്ലാഹുവിന്റെ കൃപയാൽ അല്ലാഹു ഇവർക്ക് 6 ആൺമക്കളെ നല്കി. ഇവരിൽ 4 പേർ വാഖ്ഫെ സിന്ദഗിയാണ്. രണ്ടുപേർ ഡോക്ടർമാരാണ്. അവർ ഫള്ലെ ഉമർ ആശുപത്രിയിൽ ജോലിചെയ്തുവരുന്നു. ഒരാൾ പി.എച്ച്.ഡി ഡോക്ടറാണ്. അദ്ദേഹം നളാറത്ത് തഅ്ലീമിലാണ്. ഒരാൾ വക്കീലാണ്. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ നിയമോപദേശക ഓഫീസിലാണ്.

അവരുടെ ലജ്നയ്ക്കുവേണ്ടിയുള്ള സേവനങ്ങളുടെ കാലവും 29 വർഷത്തിൽ പരന്നു കിടക്കുന്നു. നാഇബ് സ്വദ്ർ അവ്വൽ എന്ന നിലയിലും സെക്രട്ടറി സ്വൻഅത്ത്-ഒ-തിജാറത്ത് എന്ന നിലയിലും പ്രവർത്തിച്ചു. ഇതിൽ അവരുടെ രീതിയും താൽപര്യവും വളരെ നല്ലതായിരുന്നു. സാധുസ്ത്രീകൾക്ക് ജോലി നല്കിയിരുന്നു. കൈകൊണ്ട് തുണികളിൽ പൂക്കളും മറ്റും തുന്നുന്നതും വസ്ത്രം തയിക്കുന്നതുമായ ജോലികൾ അവരെകൊണ്ട് ചെയ്യിച്ചിരുന്നു. ഇതുമുഖേന സ്ത്രീകൾക്ക് വേതനം ലഭിച്ചിരുന്നു. എക്സിബിഷനുകളിലുംമറ്റും പ്രദർശിപ്പിക്കുന്നതുകൊണ്ട് എപ്പോഴും റബ്വയിലെ ലജ്നയ്ക്ക് നല്ല വരുമാനവും ലഭിച്ചിരുന്നു. തന്റെ ഉയർന്ന ഓഫീസർമാരെ ബന്ധവും പ്രായവ്യത്യാസവും ഒന്നും നോക്കാതെ അതിരറ്റ നിലയിൽ അനുസരിച്ചു. താൻ രണ്ടുവർഷം സ്വദ്ർ ലജ്ന റബ്വ ആയിരുന്നപ്പോൾ ഇവർ സെക്രട്ടറി സ്വൻഅത്ത്-ഒ-തിജാറത്ത്, നാഇബ് സ്വദ്ർ എന്ന നിലയിൽ തന്റെ കൂടെ ജോലി ചെയ്തിരുന്നുവെന്ന് എന്റെ ഭാര്യ എന്നോടു പറയുകയുണ്ടായി. എപ്പോഴും വളരെ സന്തോഷത്തോടും വളരെ വിനയത്തോടും വലിയ അനുസരണത്തോടും കൂടിയാണ് ജോലി ചെയ്തിരുന്നത്. ഏത് ജോലി ഏല്പിച്ചപ്പോഴും അവർ വളരെ സന്തോഷത്തോടെ അതു ചെയ്തിരുന്നു.

അവരുടെ ഭർത്താവ് മിർസാ ഖുർശിദ് അഹ്മദ് സാഹിബ് പറയുന്നു: ‘ഒരു വാഖ്ഫെ സിന്ദഗിയുടെ ഭാര്യ എന്ന നിലയിലുള്ള കടമ നിറവേറ്റി. എന്നോടു ഒരിക്കലും ഒന്നും ആവശ്യപ്പെട്ടില്ല. കുട്ടികളുടെ ശിക്ഷണ കാര്യങ്ങൾ ശ്രദ്ധിച്ചു. ഈ തർബിയ്യത്തിന്റെ ഫലമായി അല്ലാഹുവിന്റെ കൃപയാൽ 6 മക്കളിൽ 4 പേർ വാഖ്ഫെ സിന്ദഗിയാണ്. പിന്നെ തന്റെ കുട്ടികളോടൊപ്പം വീട്ടിലുള്ള ജോലിക്കാരുടെ കുട്ടികളേയും വളരെ നല്ല നിലയിൽ കൂടെ നിറുത്തി. ആരെങ്കിലും വിശുദ്ധ ഖുർആൻ പഠിച്ചിട്ടില്ലെങ്കിൽ അവരെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചു. തന്റെ കുട്ടികളെ പഠിപ്പിക്കുന്നതോടൊപ്പം ആ ജോലിക്കാരുടെ മക്കളേയും പഠിപ്പിക്കുമായിരുന്നു. അത്തരം ധാരാളം കുട്ടികളുണ്ട്. അവരെ അവരുടെ പ്രായമനുസരിച്ച് ആദ്യം വിശുദ്ധ ഖുർആൻ ഓതാനും പിന്നീട് തർജമയും പഠിപ്പിച്ചിരുന്നു.

ഇദ്ദേഹം എഴുതുന്നു: ‘കോളേജ് കാലഘട്ടത്തിൽ അവർ വിദ്യാർഥിനിയായിരിക്കുമ്പോൾ അവരുടെ മാതുലൻ മാലേർകോട്ട്ലയിലെ മിയാൻ അബ്ദുർറഹ് മാൻ സാഹിബ് വളരെ ഭംഗിയുള്ളതും ആകർഷണീയവുമായ സ്വർണ വള ഏതോ സ്ത്രീയുടെ കൈയിൽ തനിക്ക് കൊടുത്തുവിട്ടിരിക്കുന്നതായി സ്വപ്നം കണ്ടിരുന്നു. അതിനോടൊപ്പം പറഞ്ഞു, 65 ഉം 82 ഉം. ആ സ്ത്രീ അവർക്ക് വള നല്കിക്കൊണ്ട് പറയുന്നു, 65 ഉം 82 ഉം. അത് സ്ഥിരീകരിക്കുന്നതിനുവേണ്ടി അവർ എടുത്തു ചോദിച്ചു, 65 ഉം 82 ഉം? അവർ പറയുന്നു: 65-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)വഫാത്തായപ്പോഴും 82-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് വഫാത്തായപ്പോഴുമാണ് എനിക്കിത് മനസ്സിലായത്.

അവരുടെ മകൻ അസീസം അദീൽ എഴുതുന്നു: ജൽസസാലാനയുടെ അവസരത്തിൽ നൂറിലധികം അതിഥികൾ ഉണ്ടാകുമായിരുന്നു. അവരെ സന്തോഷത്തോടുകൂടി സൽക്കരിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹിജ്റത്ത് ചെയ്തപ്പോൾ അവരുടെ ചായയ്ക്കുംമറ്റുമുള്ള ഏർപാട് ചെയ്തിരുന്നത് അവരായിരുന്നു. സ്വന്തം കൈകൊണ്ടും സ്വന്തം മേൽനോട്ടത്തിലും അവർ ഇഷ്ടപ്പെട്ടിരുന്ന ചില സാധനങ്ങൾ ഉണ്ടാക്കി കൊടുത്തുവിടുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നോടുള്ള പെരുമാറ്റം തന്നെയായിരുന്നു എന്നോടുമുണ്ടായിരുന്നത്. അവർ ഉണ്ടാക്കുന്ന പ്രത്യേകതരത്തിലുള്ള അലുവ തന്റെ കൈകൊണ്ടും തന്റെ മേൽനോട്ടത്തിലും ഉണ്ടാക്കി കൊടുത്തുവിടുമായിരുന്നു. വലിയ ആദരവും ബഹുമാനവുമായിരുന്നു. തന്റെ മാതാവിനെ നല്ലപോലെ സേവിച്ചു. തന്റെ ഭർതൃപിതാവിനേയും മാതാവിനേയും നല്ലപോലെ സേവിച്ചു. തന്റെ പുത്രഭാര്യമാരെ ചെറിയ മക്കളെപ്പോലെ കൊണ്ടുനടന്നു. വിശുദ്ധ ഖുർആൻ പാരായണവും നമസ്കാരങ്ങളും കണിശതയോടെ നിർവഹിച്ചു. കുട്ടികളേയും അതുപോലെതന്നെ വളർത്തി. അവരെ മസ്ജിദിൽ പറഞ്ഞുവിടുമായിരുന്നു. സുബ്ഹി നമസ്കാരത്തിനുശേഷം കുട്ടികളെ തിലാവത്തിനായി ഇരുത്തുമായിരുന്നു. തിലാവത്ത് ചെയ്യാൻ അവരോടു പറയുമായിരുന്നു. ദരിദ്രരെ നോക്കുക, ജോലിക്കാരെ നോക്കുക വളരെ അധികമായിരുന്നു. ഞാൻ മുമ്പേയും പറയുകയുണ്ടായി ഒരു വീട്ടിൽ താമസിച്ചിരുന്ന കാരണത്താൽ എന്നോടു ഒരു മടിയുംകൂടാതെ പെരുമാറിയിരുന്നു. അവരുടെ മകൻ എഴുതുന്നു: ‘ഖിലാഫത്ത് സ്ഥാനത്ത് വന്നതിനുശേഷം അവർ പറഞ്ഞു:‘മുമ്പേ ചില ജോലികൾ ഞാൻ നിർബന്ധിച്ച് ചെയ്യിക്കാറുണ്ടായിരുന്നു. ഇപ്പോൾ എന്റെ ചുമതലയിലുണ്ടായിരുന്ന ജോലി അതായത് അവർ പറയുന്ന ജോലി ഞാൻ ചെയ്തിരുന്നതോ അവരുടെ കൃഷിസ്ഥലങ്ങളുടെ കാര്യങ്ങളോ എങ്ങനെയാണ് നടക്കുക. എന്തായാലും ഞാൻ അവരെ സമാധാനിപ്പിച്ചു. അതിനുശേഷം ഒരിക്കലും അവർ ഒരു തരത്തിലുള്ള ആവശ്യവും ഉന്നയിച്ചിട്ടില്ല. ഞാൻ പറയുന്നതുപോലെ എപ്പോഴും പ്രവർത്തിച്ചുപോന്നു. സംതൃപ്തയായിരുന്നു.

അവരുടെ ഒരു നാത്തൂൺ-അവർ എന്റെ ജേഷ്ഠന്റെ ഭാര്യയും കൂടിയാണ് എഴുതുന്നു:ഒരു മാതാവിന് തന്റെ കുട്ടികളോടുള്ള അതേ ബന്ധമായിരുന്നു ഞങ്ങൾക്ക് അവരുമായിട്ടുണ്ടായിരുന്നത്. മാതാവ് മരിച്ചതിനുശേഷം ഞങ്ങളെ എല്ലാവരേയും വളരെയധികം നോക്കിയിരുന്നു. ഞങ്ങളുടെ വിവാഹങ്ങളിൽ വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കും വിവാഹസമ്മാനങ്ങൾക്കുമുള്ള എല്ലാ ഏർപാടുകളും ഒരു മാതാവ് തന്റെ മക്കൾക്കു ചെയ്തുകൊടുക്കുന്നതുപോലെ സ്വയം ചെയ്യിച്ചിരുന്നു. വിവാഹത്തിനുശേഷം ഇന്നേവരെ എല്ലാ പെരുന്നാളിലും പെരുന്നാൾപടി മാതാവ് തന്റെ മക്കൾക്കു കൊടുത്തുവിടുന്നതുപോലെ കൊടുത്തുവിടുമായിരുന്നു. ധാരാളം കുട്ടികളെ തന്റെ വീട്ടിൽ പോറ്റിയിരുന്നു. എല്ലാവിധത്തിലും അവരുടെ ആത്മീയവും ഭൗതികവുമായ തഅ്ലീം തർബിയ്യത്തിന്റെ കാര്യങ്ങൾ ശ്രദ്ധിച്ചു. ഒരു വീട്ടുജോലിക്കാരിയുടെ മകളുണ്ടായിരുന്നു. അവർ സ്വയം അവളെ വളർത്തിയതാണ്. ഇവർ പറയുന്നു, അവളുടെ വിവാഹത്തിന് നിങ്ങൾ വിവാഹത്തിൽ പങ്കെടുത്തില്ലെങ്കിൽ ഞാൻ നിങ്ങളുടെ മക്കളുടെ വിവാഹത്തിലും പങ്കെടുക്കുകയില്ലെന്ന് പറഞ്ഞ് തന്റെ എല്ലാ നാത്തൂൺമാർക്കും സന്ദേശം അയച്ചു. ഇപ്രകാരം ദരിദ്രരോടും സാമീപ്യത്തിന്റെ പ്രകടനം കാഴ്ചവെച്ചിരുന്നു. അവരുടെ ഏറ്റവും ചെറിയ നാത്തൂൺ എഴുതുന്നു:‘എത്ര വയസ്സുമുതലാണ് തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങിയത്? എന്ന് ഞാൻ ഒരിക്കൽ അവരോടു ചോദിച്ചു.’ താൻ 12-ാം വയസ്സുമുതൽ പതിവായി തഹജ്ജുദ് നമസ്കരിക്കുന്നുവെന്ന് അവർ പറഞ്ഞു. ഇപ്രകാരംതന്നെ ഒരുപാടു പെൺകുട്ടികളുടെ വിവാഹം സമ്മാനങ്ങളും വിദ്യാഭ്യാസ ചെലവുകളും അവർ വഹിച്ചിരുന്നു. ലജ്നയുടെ സഹായഫണ്ടിൽനിന്ന് സഹായം കൊടുപ്പിച്ചിരുന്നു. ചിലയാളുകളുടെ അലങ്കാരമായ ജീവിതം സ്വന്തം മക്കളുടെ വിവാഹത്തിനുണ്ടാകുന്ന അലങ്കാരം പോലെയായിരുന്നു. പക്ഷേ, ആരും ചോദിക്കാൻ ഉണ്ടായിരുന്നില്ല. ദരിദ്രയായ പെൺകുട്ടിയാണെങ്കിൽ തന്റെ വീട്ടിൽനി

ന്ന് ഭക്ഷണത്തിനുള്ള ഏർപാടു അവർ ചെയ്തിരുന്നു. ഖിലാഫത്തിനോടുള്ള ആത്മാർഥ ബന്ധത്തെ കുറിച്ചുള്ള ഒരു സംഭവം മിർസാ ഖുർശിദ് അഹ്മദ് സാഹിബിന്റെ സഹോദരി പുത്രൻ എഴുതുന്നു: 'ഒരിക്കൽ തേനിന്റെ ഒരു കുപ്പി അവിടെ ഇരിപ്പുണ്ടായിരുന്നു. എനിക്കു തരാൻ ഞാൻ പറഞ്ഞു. അവരെന്നോടു പറഞ്ഞു, ഇത് അദ്ദേഹം എനിക്ക് അയച്ചതാണ്. ഇത് എനിക്കു തരാൻ പറ്റില്ല. ഇതുപോലെയുള്ള മറ്റൊരു കുപ്പി അവിടെ ഇരിപ്പുണ്ട്, അതെടുത്തുകൊള്ളുക.

അല്ലാഹുവിന്റെ കൃപയാൽ 6 പുത്രഭാര്യമാരുണ്ടായിരുന്നു. എല്ലാവരോടും അവരോടു നല്ലരീതിയിൽ പെരുമാറിയിരുന്നു. എല്ലാവരേയും സ്വന്തം പെൺമക്കളെപോലെ പാർപിച്ചു. അവരുടെ ചെറിയ മരുമകൾ ഇവിടെ ലണ്ടനിലെ ഹാമിദുല്ലാഹ് സാഹിബിന്റെ മകളാണ്. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ഈയിടെയായി സുഖമില്ല. ഇക്കാരണത്താൽ ഇവരുടെ ഈ മരുമകൾക്ക്, അത്വിയ്യായ്ക്ക് ലണ്ടനിൽ വരേണ്ടി വന്നു. അപ്പോൾ അവർ പറഞ്ഞു, നീ സമാധാനത്തോടുകൂടി പോകുക. സ്വയം സുഖമില്ലാതിരുന്നിട്ടും 'നീ പോകുക, നിന്റെ ഉമ്മയെ നോക്കുക. കുട്ടികളെ കൊണ്ടുപോകണ്ട, അവരെ ഞാൻ നോക്കിക്കൊള്ളാം' എന്ന് അവർ പറഞ്ഞു. അങ്ങേയറ്റം ബുദ്ധിമുട്ടുള്ളപ്പോഴും വലിയ ക്ഷമയോടുകൂടി തന്റെ എല്ലാ ജോലിയും അവർ ചെയ്തു.

എന്റെ ചെറിയ സഹോദരി എഴുതുന്നു:'ജോലിക്കാരെക്കൊണ്ട് ജോലി ചെയ്യിക്കുമ്പോൾ വളരെ സൗമ്യമായിട്ടാണ് ചെയ്യിച്ചിരുന്നത്. എക്സിബിഷന്റെ ഡ്യൂട്ടികളിൽ ചിലപ്പോൾ നഷ്ടവും ഉണ്ടാകാറുണ്ടായിരുന്നു. പക്ഷേ, അധികം കടുപ്പം കാണിച്ചിരുന്നില്ല. വളരെ സഹനശക്തിയോടെ ജോലി ചെയ്തിരുന്നു. ഇക്കാരണത്താൽ ലജ്ന അംഗങ്ങൾ അവരോടൊപ്പം ജോലി ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നു. ഇസ്‌ലാമിക കാര്യങ്ങളിലും ഒരുപാട് ജല്യളലരഃ ആയിരുന്നു. ജോലിചെയ്യുന്നവർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അത് എത്രയുംവേഗം ദൂരീകരിക്കാൻ ശ്രമിച്ചിരുന്നു.

എന്റെ ഇളയ സഹാദരി അമത്തുൽ ഖുദ്ദൂസ് സാഹിബ എഴുതുന്നു: മനുഷ്യന്റെ ജീവിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കാറുണ്ട്. എങ്കിലും ഇവർക്ക് തൊട്ടുകൊടുത്ത ഔഷധത്തിൽത്തന്നെ വിശുദ്ധ ഖുർആനോടും തിരുഹദീഥുകളോടമുള്ള ബന്ധം അടങ്ങിയിരുന്നു. അവരുടെ പ്രകൃതിയിൽത്തന്നെ നന്മ കടന്നിരുന്നു. നമ്മുടെ പാരമ്പര്യങ്ങൾക്കും അധ്യാപനങ്ങൾക്കും വിരുദ്ധമായാണ് കാര്യങ്ങൾ നടന്നതെന്ന് കണ്ടാൽ തുറന്ന നിലയിൽ അതിനെതിരെ സംസാരിക്കുമായിരുന്നു.

ഏറ്റവും ചെറിയ കുട്ടിയായിരുന്നതിനാൽ കുട്ടിക്കാലംമുതലെ എല്ലാവർക്കും ഓമനയായിരുന്നു. എന്നാൽ, വളരെ അധികം വിനയയായിരുന്നു. എപ്പോഴും വിനയത്തോടെ എല്ലാവരോടും പെരുമാറി. എന്റെ മൂത്ത സഹോദരി അമത്തർ റഊഫ് സാഹിബ എഴുതി: വിഭജനത്തിനുശേഷം ലാഹോറിലെ മോഡൽടൗണിൽ ഹദ്റത്ത് മിർസാ ശരീഫ് സാഹിബിനോടൊപ്പം ഞങ്ങൾ താമസിച്ചിരുന്നപ്പോൾ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് എല്ലാവരേയും വിളിച്ചു കൂട്ടി മുടങ്ങാതെ ഖുർആനും ഹദീഥും പഠിപ്പിച്ചിരുന്നു. പറയുന്നു, അതിനുശേഷം നമ്മുടെ പിതൃസഹോദരി- മരിച്ചുപോയ അമത്തുൽവഹീദ് സാഹിബ- യും സ്വയം പഠിക്കുകയും പിന്നീട് തന്റെ കുട്ടികളേയും മറ്റു കുട്ടികളേയും പഠിപ്പിക്കുകയും ചെയ്തു. ഒരു കുട്ടിക്ക് നാവിന്റെ പ്രശ്നമുണ്ടായിരുന്നു. മണിക്കൂറുകൾ ഇരുത്തി പറഞ്ഞ് പറഞ്ഞ് കൊടുത്ത് ആ കുട്ടിയെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ ആ കുട്ടിക്ക് ഒരു പ്രശ്നവുമില്ല. സംസാരിക്കുന്ന കുട്ടിയാണ്. എന്റെ സഹോദരി എഴുതുന്നു:'മെട്രിക്കിനുശേഷം എഫ്.എ റബ്വയിൽനിന്നാണ് ചെയ്തത്. തഹജ്ജുദിനുശേഷം തന്റെ പഠിത്തം ആരംഭിക്കുമായിരുന്നു. നമസ്കാരത്തിലേക്കും എപ്പോഴും ശ്രദ്ധ നിലനിന്നിരുന്നു.

ഇപ്രകാരം മറ്റുള്ളവരും അവരുടെ വിവിധ സ്വഭാവ ഗുണങ്ങൾ എഴുതി അറിയിച്ചിട്ടുണ്ട്. അവരുടെ മകൻ എഴുതി: ഖിലാഫത്തിനുമുമ്പേ അങ്ങയുമായിട്ടുള്ള ബന്ധം മറ്റൊന്നായിരുന്നു. അതിനുശേഷം പറഞ്ഞു:'ബന്ധം അവസാനിച്ചു. ഇനി കേവലം ഖിലാഫത്തിന്റെ ബന്ധമാണ് അവശേഷിച്ചിട്ടുള്ളത്.' ഇവിടേയും വന്നിരുന്നപ്പോഴെല്ലാം കാണാൻ വന്നിരുന്നു. ചിലപ്പോൾ ഇരിക്കുകയായിരിക്കും പെട്ടെന്ന് എഴുന്നേറ്റു നില്ക്കും. സുഖമില്ലാത്തതാണ് എഴുന്നേൽക്കണ്ട ഇരുന്നുകൊള്ളുക എന്ന് ഞാൻ പറയുമായിരുന്നു. എന്റെ ഭാര്യയും പറയും. പക്ഷേ, ഉടനെ എഴുന്നേറ്റു നില്ക്കും. അല്ലാഹുവിൽ വലിയ തവക്കുൽ ആയിരുന്നു. ഒരിക്കൽ അവരുടെ ചെറിയ മകന്റെ വിവാഹം മൂത്തമകന്റെ വിവാഹത്തെക്കാൾമുമ്പേ നടന്നു. മൂത്തവനുവേണ്ടി അവർ വീട്ടിൽ തന്റെ ഒരു ഭാഗം ഉണ്ടാക്കിയിരുന്നു. അത് ചെറിയവന് കൊടുക്കാൻ ഭർത്താവ് അവരോടു പറഞ്ഞു. കാരണം ഇപ്പോൾ അതുണ്ടാക്കാൻ തൗഫീഖില്ല. അവർ പറഞ്ഞു, ഇല്ല. മൂത്തവനുവേണ്ടി ഉണ്ടാക്കിയത് മൂത്തവനുവേണ്ടിത്തന്നെയാണ്. അല്ലാഹു ഏർപാടു ചെയ്യുന്നതാണ്. ഒരു ദിവസം യാദൃച്ഛികമായി അല്ലെങ്കിൽ അല്ലാഹുവിന്റെ വിധി എന്നു പറയാം വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ആയത്തിൽ അവരുടെ ശ്രദ്ധ ഊന്നി. അവർ തന്റെ ഭർത്താവിനോടു പറഞ്ഞു:എന്റെ ആവശ്യം അല്ലാഹു നിവർത്തിച്ചുതരുമെന്ന് ഈ ആയത്തിൽനിന്ന് ഞാൻ മനസ്സിലാക്കുന്നു. സഹായവില നല്കുന്ന കാലമായിരുന്നു അത്. അവർ കുറച്ച് പ്രൈസ്ബോണ്ട് എടുത്തിരുന്നു. അല്ലാഹുവിന്റെ കൃപയാൽ അവർക്ക് ഒരു ലക്ഷം രൂപ പ്രൈസ്ബോണ്ട് കിട്ടി. അതുകൊണ്ട് അവർ വീടുണ്ടാക്കി.

വീണ്ടും ഈ മകനെഴുതുന്നു: 'ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ മരണവിവരം എത്തിയപ്പോൾ ഞങ്ങളെല്ലാവരും മസ്ജിദിൽ പോയിരിക്കുകയായിരുന്നു. ഞങ്ങളുടെ അമ്മിയും വളരെ ദുഃഖത്തിലായിരുന്നു. അപ്പോൾ എന്റെ മൂത്ത സഹോദരന്റെ ഭാര്യ ഉറക്കെ കരയാൻ തുടങ്ങി. അമ്മി അവരോടു പറഞ്ഞു: 'നിശബ്ദയാകുക. ഇത് ജമാഅത്തിന്റെ പരീക്ഷണ സമയമാണ്. ഇത് ദുആയുടെ നേരമാണ്. ഈ നേരത്ത് ദുആ ചെയ്യുക.' ഇദ്ദേഹം പറയുന്നു: ഖലീഫത്തുൽ മസീഹ് ഥാലിഥ് വഫാത്തായപ്പോൾ എനിക്ക് 9 വയസ്സായിരുന്നു. കുട്ടിയായിരുന്നു. ഏതോ കാര്യത്തിന്നിടയിൽ എനിക്ക് ചിരി വന്നു. അപ്പോൾ 'മിണ്ടാതിരിക്കുക എന്ന് പറഞ്ഞ് എന്നെ വഴക്കു പറഞ്ഞു; നിനക്കറിയില്ല, ഈ നേരത്ത് ജമാഅത്തിന്റെ അവസ്ഥകളെന്താണെന്ന്.' ജമാഅത്തിന്റെ അവസ്ഥയെന്താണെന്ന് ചെറുപ്പം മുതലെ ബോധം നല്കിയിരുന്നു. ഇപ്രകാരം കുട്ടികൾക്ക് വിവിധ Incentive നല്കി സൂറത്തുകൾ മനഃപാഠമാക്കിക്കുമായിരുന്നു.

അവരുടെ വീട്ടിൽത്തന്നെ വളരുകയും പഠിക്കുകയും ചെയ്ത ഒരു പെൺകുട്ടി- അവരുടെ ഭർത്താവും പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ഉദ്യോഗസ്ഥനാണ്-പറയുന്നു:'നാലഞ്ചു വയസുമുതൽ അവരുടെ വീട്ടിലാണ് ഞാൻ താമസിക്കുന്നത്. അവിടന്ന് എന്നെ പഠിപ്പിച്ചു. എല്ലാ രീതിയിലും എനിക്ക് ശിക്ഷണം നല്കി. എന്റെ വിവാഹം നടത്തിച്ചു. വിവാഹത്തിനുശേഷം എന്തെങ്കിലും പണിയുണ്ടെങ്കിൽ എന്നെ വീട്ടിലേക്ക് വിളിക്കുമായിരുന്നു.പറയുന്നു: ഒരു തവണ എന്റെ വീട്ടിൽവന്നു. പഴയരീതിയിലുള്ള ഒരു സോഫ അവിടെ കിടന്നിരുന്നു. ഇതെവിടെനിന്ന് കൊണ്ടുവന്നതാണെന്ന് ചോദിച്ചു. ഏതോ അയൽവാസി തന്നതാണെന്ന് പറഞ്ഞു. ഈ സോഫ മാറ്റാൻ അവടന്ന് പറഞ്ഞു. വേഗം പുതിയ സോഫ ഉണ്ടാക്കിച്ച് തരികയും ചെയ്തു.

ഈ സ്ത്രീ പറയുന്നു. എന്റെ മകന്റെ വിദ്യാഭ്യാസകാര്യങ്ങൾ ഒരു പാട് ശ്രദ്ധിച്ചിരുന്നു. അവസാന രോഗത്തിന്റെ നാളുകളിലും മകന്റെ വിവാഹത്തിനുവേണ്ടി ആഭരണങ്ങൾ ഉണ്ടാക്കിച്ചു തന്നു. എല്ലാ കാര്യങ്ങളും സൂക്ഷ്മതയോടെ നോക്കിയിരുന്നു.

മുലകുടി ബന്ധം വളരെ ശ്രദ്ധിക്കാറുണ്ടായിരുന്നു. അവരെ പാലുകൊടുത്തു വളർത്തിയ ഉമ്മയുടെ മകൻ സ്വിറ്റ്സർലന്റിലാണ്. അദ്ദേഹം പറയുന്നു:എന്റെ പിതാവിന്റെ ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും അദ്ദേഹത്തെ ഒരുപാട് സഹായിച്ചു. ഇപ്രകാരം തന്നെ തനിക്ക് രോഗം പിടിപ്പെട്ട ദീനങ്ങളിൽ അങ്ങേയറ്റം വിനയത്തോടെ നോക്കിയിരുന്നുവെന്ന് അവരുടെ പോറ്റുസഹോദരിയുടെ മകനെഴുതിയിരിക്കുന്നു. ഇങ്ങനെ ഒരുപാട് സൽഗുണങ്ങൾ അവരിലുണ്ടായിരുന്നു. അല്ലാഹു അവരുടെ മക്കളിലും ഈ സവിശേഷ ഗുണങ്ങൾ തുടർന്നു കൊണ്ടുപോകുമാറാകട്ടെ. ഖിലാഫത്തുമായി അവർക്ക് കൂറിന്റെ ബന്ധം ഉണ്ടാകുമാറാകട്ടെ. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം ഈ പറയപ്പെട്ട മൂന്നു പരേതാത്മാക്കളുടേയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

AL ISLAM

**പേജ് 8ൽ നിന്ന്** - 20% സ്ത്രീകളാണെന്നതാണ്. ഇതിന്റെ അർഥം ഈ സ്ത്രീകൾ സ്വയം ഭീകരവാദത്തിന്നിരയായി എന്നു മാത്രമല്ല അവർ തങ്ങളുടെ കുട്ടികളുടെ മനസ്സുകളേയും വിഷലിപ്തമാക്കുമെന്നാണ്. ഈ ഭീകരപ്രവർത്തനങ്ങളേയും ഭീകരവാദത്തേയും അടിച്ചമർത്തുന്നതിന് അനിവാര്യമായിട്ടുള്ളത് നമ്മൾ അതിന്റെ കാരണങ്ങളെ കുറിച്ചും ലക്ഷണങ്ങളെ കുറിച്ചും വിലയിരുത്തുക എന്നതാണ്. പാശ്ചാത്യദേശത്ത് വസിക്കുന്ന മുസ്‌ലീംകളിൽ ഭൂരിഭാഗത്തിനും ഇസ്‌ലാമിനെക്കുറിച്ച് ഒരു ജ്ഞാനവുമില്ലെന്നത് വളരെ ദുഃഖകരമായ കാര്യമാണ്. അല്ലെങ്കിൽ അടിസ്ഥാനപരമായ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഗ്രാഹ്യംപോലുമില്ല. അതുകൊണ്ട് അവരുടെ ഈ തീവ്രവാദ പ്രവർത്തനം ഏതെങ്കിലും വിശ്വാസാദർശത്തിന്റേയോ വീക്ഷണത്തിന്റേയോ കാരണം കൊണ്ടല്ല, പ്രത്യുത അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട കാരണത്താലാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഓൺലൈൻ radicalisation നും അല്ലെങ്കിൽ മസ്ജിദുകളിൽ വിദ്വേഷം ജനിപ്പിക്കുന്ന പാഠം നല്കുന്നതിനും അല്ലെങ്കിൽ ഭീകരവാദ സാഹിത്യങ്ങളുടെ വിതരണത്തിനും പുറമെ പാശ്ചാത്യദേശത്ത് വസിക്കുന്ന മുസ്‌ലിം യുവാക്കൾ ഭീകരവാദം സ്വീകരിക്കുന്നതിനുള്ള ഒരു വലിയ കാരണം സാമ്പത്തിക പ്രതിസന്ധിയുമാണ്. പ്രസിദ്ധീകരിക്കപ്പെട്ട പല റിപ്പോർട്ടുകളും ഇക്കാര്യത്തെ പ്രബലപ്പെടുത്തുന്നുണ്ട്. മുസ്‌ലിം യുവാക്കളുടെ വലിയൊരു സംഖ്യ അവർ ഡിഗ്രികൾ കരസ്ഥമാക്കിയിട്ടുണ്ടെങ്കിലും പക്ഷേ, അവർക്ക് ഈ വിദ്യാഭ്യാസം ഉണ്ടായിട്ടും ഉചിതമായ ജോലികൾ കിട്ടിയില്ല. ഇക്കാരണത്താൽ അവർ തികച്ചും ഒറ്റപ്പെട്ടവരായിത്തീർന്നു. ഈ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണത്താൽ ഭീകരവാദക്കാരായ മൗലവിമാരുടേയും ഭീകരവാദത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നവരുടേയും സുഗമമായ ഇരകളായിത്തീർന്നു. അതുകൊണ്ട് യുവജനങ്ങൾക്ക് മെച്ചപ്പെട്ട അവസരങ്ങൾ ഉണ്ടാക്കുകയും അവർക്ക് ഉദ്യോഗങ്ങൾ ലഭിക്കുകയും ചെയ്താൽ ഇത് രാജ്യത്തെ സമാധാന നിർഭരവും സുരക്ഷിതവുമാക്കാനുള്ള മാർഗമായിത്തീരുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ആഗോളാടിസ്ഥാനത്തിൽ വൻശക്തികളേയും ഐക്യരാഷ്ട്ര സഭയേയും പോലുള്ള ആഗോളസ്ഥാപനങ്ങൾ ഏത് അവസ്ഥയിലും തങ്ങളുടെ അടിസ്ഥാനപരമായ നിയമങ്ങൾ അനുസരിച്ച് യഥാർഥമായ നിലയിൽ പ്രവർത്തിച്ചിരുന്നെങ്കിൽ നമുക്ക് ലോകത്തിന്റെ മിക്ക ഭാഗ ങ്ങളിലും നടന്നുവരുന്ന ഭീകരപ്രവർത്തനങ്ങളുടെ നാശകരമായ രോഗം കാണേണ്ടി വരുമായിരുന്നില്ല. ലോകത്തിന്റെ സമാധാനത്തേയും സുരക്ഷിതത്വത്തേയും നിരന്തരം താറുമാറാക്കിക്കൊണ്ടിരിക്കുകയുമില്ലായിരുന്നു. യൂറോപിലേയും മറ്റു വികസിത രാഷ്ട്രങ്ങളിലേയും ജനങ്ങളിൽ ഭയവും പരിഭ്രമവും പരത്തിയിട്ടുള്ള അഭയാർഥികളുടെ ഗുരുതരമായ പ്രശ്നവും നമ്മൾ കാണുമായിരുന്നില്ല. ലക്ഷക്കണക്കിന് നിരപരാധികൾ ഓടി യൂറോപ്പിലെത്തുകയുണ്ടായി. അവരിൽ ആയിരക്കണക്കിനാളുകൾ ഇവിടെ കനഡയിലും ആ ഭീകരവാദികളിൽനിന്ന് രക്ഷപ്പെട്ട് വന്നു. ആ ഭീകരവാദികൾ അവരുടെ രാജ്യത്തെ വിഷലിപ്തമാക്കിക്കളഞ്ഞിരുന്നു. ആ അഭയാർഥികളിൽ ഭൂരിഭാഗവും മാന്യന്മാരായിട്ടുള്ളവരാണ്. പക്ഷേ, ഈ അടുത്ത കാലത്ത് യൂറോപ്പിലും ഒരു പരിധി വരെ വടക്കൻ അമേരിക്കയിലും നമ്മൾ കണ്ടതുപോലെ ഒന്നുരണ്ട് നെഗറ്റീവായിട്ടുള്ള സംഭവങ്ങളും ഈ രാജ്യങ്ങളിൽ ഭയവും പരിഭ്രാന്തിയും പരത്തുന്നതിന് മതിയായതായിരുന്നു. അതിനാൽ ലോകത്ത് എത്രമാത്രം വിശ്വാസമില്ലായ്മയുടെ അവസ്ഥയാണുള്ളതെന്ന് നമ്മൾ നമ്മുടെ കണ്ണുകൾകൊണ്ട് കണ്ടുകൊണ്ടിരിക്കുകയാണ്; എത്രമാത്രം വെറുപ്പും അസ്വസ്ഥതയുമാണ് ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും പരന്നിരിക്കുന്നത്! ഞാൻ വീണ്ടും പറയുന്നു, ഇതിന്റെ അടിസ്ഥാനപരമായ കാരണം നീതിയും ന്യായവും ഇല്ലാത്തതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ ന്യായവും നീതിയും കുറഞ്ഞുപോയ കാരണത്താൽ ആഗോള സാമ്പത്തിക പ്രതിസന്ധിയുമുണ്ടായി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി സമ്പന്നർക്കും ദരിദ്രർക്കുമിടയിലുള്ള അന്തരം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ പറയുന്നത് വികസിതരും സമ്പന്നരുമായ ജനതകൾ ദരിദ്രരാഷ്ട്രങ്ങളിൽ തങ്ങളുടെ കൈമുതൽ ഇറക്കി എന്നതിൽ സംശയമില്ല. പക്ഷേ, അവർ ഈ രാജ്യങ്ങളുടെ പുരോഗതിയുടെ പേരിൽ സ്വാർഥപരമായ നേട്ടങ്ങൾക്കാണ് മുൻഗണന നല്കിയത്. വികസിത രാഷ്ട്രങ്ങൾ ചെയ്യേണ്ടിയിരുന്നത് ദുരാഗ്രഹികളും ദരിദ്രരുമായരാഷ്ട്രങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുന്നതിനുപകരം അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയായിരുന്നു. അവരുടെ പുരോഗതിക്കായി ശ്രമിക്കുകയായിരുന്നു. അവർ ആദരവോടും അഭിമാനത്തോടുംകൂടി സ്വന്തം കാലിൽ എഴുന്നേറ്റു നിൽക്കുന്നതിന് അവരെ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങളുടെ നിഷ്ക്കളങ്ക ഹൃദയത്തോടുകൂടി സഹായിക്കേണ്ടതായിരുന്നു. പക്ഷേ, അങ്ങനെ ഉണ്ടായില്ല എന്ന് വളരെ വിഷമത്തോടെ പറയേണ്ടി വരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: വിശുദ്ധ ഖുർആനിലെ ത്വാഹ അധ്യായത്തിലെ 132-ാം വചനത്തിൽ അല്ലാഹു കല്പിക്കുന്നു: "നിങ്ങൾ മറ്റുള്ളവരുടെ ധനത്തിലേക്കും സമ്പത്തിലേക്കും നിങ്ങളുടെ അത്യാഗ്രഹം നിറഞ്ഞ - **ശേഷം പേജ് 2ൽ**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 18 May 2017 Issue-20

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

**ലോകത്തെ വൻശക്തികൾ എക്കാലത്തും നീതിയോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്ന് നമുക്ക് ഈ കുഴപ്പങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമായിരുന്നില്ല. ഐ എസ്സ് ഐ എസ്സും സിറിയയും ഇറാനിലെ ഭീകരവാദ സംഘങ്ങളും വെളിപ്പെടുകയും ചെയ്യുമായിരുന്നില്ല.**

**ലോകത്തുള്ള ചില വൻശക്തികൾ സമാധാന സംസ്ഥാപനത്തിനായി തങ്ങളുടെ പങ്ക് വഹിച്ചില്ല എന്ന് ഖേദത്തോടെ പറയേണ്ടി വരുന്നു. എന്നല്ല സ്വാർഥ താൽപര്യങ്ങൾ ഉൾക്കൊണ്ടിരുന്ന തന്ത്രപരമായ കർമങ്ങളാണ് അവർ സ്വീകരിച്ചത്.**

# കനഡിയൻ പാർലമെന്റിൽ അമീറുൽമുഅ്മിനീന്റെ ഐതിഹാസികമായ പ്രഭാഷണം

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

**(ഭാഗം 7 തുടർച്ച....)** അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ കാരണങ്ങൾക്കു പുറമേയും ലോകസമാധാനത്തെ ബാധിച്ചുകൊണ്ടിരിക്കുന്നതും വിവിധ രാജ്യങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുള്ള അവരുടെ ഊടുംപാവുമായ സ്വാർഥതയിലും അനീതിപരമായ പോളിസികളിലും ചെന്നുചേരുന്നതുമായ വേറെയും ഒരുപാട് പ്രവർത്തകരുണ്ടെന്ന് വളരെ വേദനയോടെ പറയേണ്ടിവരുന്നു. എന്തായാലും ഈ അപകടങ്ങൾക്ക് മുന്നോടിയായി ലോകം ഒരു വൻ നാശത്തിലേക്ക് പായുകയാണ്. ഈ അസ്ഥിരത കാരണത്താൽ സർക്കാറുകളുടേയും പൊതുജനങ്ങളുടേയും ഇരുകൂട്ടരുടേയും പ്രയാസങ്ങളിലും ഭയപ്പാടുകളിലും വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മനസ്സിനു വിഷമമുണ്ടാക്കുന്ന ധാരാളം പ്രശ്നങ്ങളാണുള്ളത്. ഏതു പ്രശ്നമാണ് ആദ്യം എടുക്കേണ്ടതെന്ന് ലോകത്തിന് മനസ്സിലാകുന്നില്ല. ഗ്ലോബൽവാമിംഗിലേക്കും പരിസ്ഥിതിയിലുണ്ടായ മാറ്റങ്ങളിലേക്കും ആദ്യം ശ്രദ്ധിക്കണമോ അതോ സാമ്പത്തികപ്രതിസന്ധികളെക്കുറിച്ച് ചർച്ച ചെയ്യണമോ. അതല്ല ഭീകരവാദപ്രവർത്തനങ്ങളുമായുള്ള യുദ്ധത്തെ ഏറ്റവുംമുകളിൽ വെക്കണമോ. അതല്ല ഈയിടെ ഉണ്ടായ സിറിയയിലെ അവസ്ഥകളെ നോക്കണമോ. അവിടെ റഷ്യയും അമേരിക്കയും പരസ്യമായി ഒരുകൂട്ടർ മറ്റേക്കൂട്ടർക്കെതിരെ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതല്ല അമേരിക്കയിലും യമനിലും തൊട്ടടുത്തുണ്ടായ കലഹത്തെ എടുക്കണമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു:എന്റെ അഭിപ്രായത്തിൽ നമ്മുടെ മുമ്പിൽ ഇപ്പോഴുള്ളത് ഏറ്റവും ആപത്കരവും അനിവാര്യവുമായ പ്രശ്നം ലോകത്തു നിലനില്ക്കുന്ന അസാമാധാനമാണ്. മുസ്‌ലിം രാഷ്ട്രങ്ങൾ ഈ കുഴപ്പത്തിന്റേയും അസ്ഥിരതയുടേയും കേന്ദ്രമായി തീർന്നിരിക്കുന്നുവെന്നത് അങ്ങേയറ്റം വേദനയുള്ള കാര്യമാണ്. വാസ്തവത്തിൽ അവരുടെ മതം സമാധാനസംസ്ഥാപനത്തിനായി അവർക്ക് അങ്ങേയറ്റം ഉന്നതമായ അധ്യാപനങ്ങളാണ് നല്കിയിട്ടുള്ളത്. ഉദാഹരണത്തിന് വിശുദ്ധ ഖുർആനിലെ മുഅ്മിനൂൻ എന്ന അധ്യായത്തിന്റെ 9-ാം വചനത്തിൽ അല്ലാഹു പറയുന്നു: 'തന്റെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവനാണ് യഥാർഥ മുഅ്മിൻ.' ഭരണകൂടത്തിന്റെ താക്കോലുകൾ ഭരണാധികാരികളെ ഏല്പിക്കുക എന്നത് ഒരു ഏറ്റവും വലിയ അമാനത്തു മുതലാണ്. രാജ്യത്തിന്റെ ഈ ഭരണാധികാരികൾ കൂറോടും തികഞ്ഞ നീതിയോടുംകൂടി തങ്ങളുടെ ജനതയെ സേവിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുന്നത് അധികവും നമ്മൾ കാണാറുണ്ട്. പക്ഷേ, ഭൂരിപക്ഷം കാര്യങ്ങളിലും വലിയ വലിയ വാഗ്ദാനങ്ങൾ അങ്ങനെത്തന്നെ നില്ക്കുന്നുവെന്ന് വേദനയോടെ പറയേണ്ടിവരുന്നു. അതിൽ പ്രവർത്തനങ്ങളൊന്നുമുണ്ടാകുന്നില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ സർക്കാരുകൾക്കും പൊതുജനങ്ങൾക്കുമിടയിൽ ഒരു തരത്തിലുള്ള ഭിന്നതകളും കലഹങ്ങളും ഉണ്ടാകുന്നതായി കാണുമായിരുന്നില്ല. ഇപ്രകാരംതന്നെ മാഇദ എന്ന അധ്യായത്തിന്റെ 9-ാമത്തെ വചനത്തിൽ പറയുന്നു: ഒരു ജനതയ്ക്ക് മറ്റൊരു ജനതയോടോ ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയോടോ ശത്രുതയുണ്ടെങ്കിലും ന്യായത്തോടും നീതിയോടുംകൂടി പെരുമാറേണ്ടതാണ്. ഏത് പരിതഃസ്ഥിതിയിലാണെങ്കിലും വേണ്ടില്ല. കാരണം അല്ലാഹു ഇതുതന്നെയാണ് ആഗ്രഹിക്കുന്നത്. ഇന്ന് മുറിവേറ്റ സമൂഹങ്ങളുടെ എല്ലാ വിഭാഗത്തിലും ജനങ്ങളുടേയും ഭരണകൂടങ്ങളുടേയും ഇടയിൽ നീതിക്കും ന്യായത്തിനും പകരം സാമൂഹികമായ അനീതിയും അവകാശ ധ്വംസനവുമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള അസമത്വവും ലോക സമാധാനത്തേയും ശാന്തിയേയും നേരിട്ട് ബാധിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആനിൽ ഹുജുറാത്ത് എന്ന അധ്യായത്തിലെ 10-ാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു:ഏതെങ്കിലും ജനതയോ ജനതകളോ തമ്മിൽ ഏറ്റുമുട്ടലുണ്ടായാൽ അയൽവാസികളും സുഹൃത്തുക്കളുമായ ജനതകൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കേണ്ടതാണ്. സംസാരത്തിലൂടെ സമാധാനം ഉണ്ടാകുന്നില്ലെങ്കിൽ എല്ലാ ജനതകളും ഒന്നിച്ച് അതിരുകടക്കുന്ന ജനതയെ സംഘടിച്ച് തടയേണ്ടതാണ്. പിന്നീട് അതിരുകടന്ന ജനത നീതിയിലേക്കു വന്നാൽ അവർക്കെതിരെ നിയന്ത്രണങ്ങളൊന്നും ഏർപെടുത്താൻ പാടില്ല. അവരെ നിന്ദിക്കാനും പാടില്ല. പ്രത്യുത നന്മ പ്രവർത്തിച്ച കാരണത്താലും താമസംകൊണ്ട് സമാധാനസംസ്ഥാപനം അസംഭാവ്യമാകാതിരിക്കാനും അത്തരം ജനതക്ക് മുന്നോട്ടു വരാൻ അവസരം കൊടുക്കുകയാണ് വേണ്ടത്.

അമീറുമുഅ്മിനീൻ പറഞ്ഞു: നമ്മൾ മുസ്‌ലിം രാഷ്ട്രങ്ങൾക്കിടയിലുണ്ടായിട്ടുള്ള നിലവിലെ പ്രതിസന്ധികൾ പരിശോധിക്കുകയാണെങ്കിൽ അക്രമിക്കെതിരെ ഏകോപിച്ചുണ്ടാക്കിയിട്ടുള്ള അടിസ്ഥാന നിയമത്തെ അവഗണിക്കപ്പെട്ടതായി കാണാം. അയൽ രാജ്യങ്ങൾ തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങളെ പിൻപുറം തള്ളിക്കളഞ്ഞും പക്ഷപാതിത്വം കൂടാതെയും ഇടയിൽ വീണിരുന്നെങ്കിൽ വളരെ കാലം മുമ്പേതന്നെ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞേനേ. ഇന്നത്തെ അസമാധനത്തിനുകാരണം മുസ്‌ലിം രാഷ്ട്രങ്ങൾ മാത്രമല്ല. പ്രത്യുത നമ്മുടെ ഈ ഗ്ലോബൽ വില്ലേജിൽ വസിക്കുന്ന മറ്റു രാജ്യങ്ങൾക്കും ഈ അസമാധാനത്തിൽ പ്രധാന പങ്കാളിത്തമുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ലോകത്തെ വൻശക്തികൾ എക്കാലത്തും നീതിയോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്ന് നമുക്ക് ഈ കുഴപ്പങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമായിരുന്നില്ല. ഐ എസ്സ് ഐ എസ്സും സിറിയയും ഇറാനിലെ ഭീകരവാദ സംഘങ്ങളും വെളിപ്പെടുകയും ചെയ്യുമായിരുന്നില്ല. ലോകത്തുള്ള ചില വൻശക്തികൾ സമാധാന സംസ്ഥാപനത്തിനായി തങ്ങളുടെ പങ്ക് വഹിച്ചില്ല എന്ന് ഖേദത്തോടെ പറയേണ്ടി വരുന്നു. എന്നല്ല സ്വാർഥ താൽപര്യങ്ങൾ ഉൾക്കൊണ്ടിരുന്ന തന്ത്രപരമായ കർമങ്ങളാണ് അവർ സ്വീകരിച്ചത്. ഉദാഹരണമായി ചില പാശ്ചാത്യ രാജ്യങ്ങളുടെ ദൃഷ്ടി എപ്പോഴും അറബ് രാഷ്ട്രങ്ങളിൽ കാണുന്ന എണ്ണപാടങ്ങളിലായിരുന്നു. ഇക്കാര്യം ദീർഘകാലം വരെ അവരുടെ പോളിസികളെ സ്വാധീനിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി ഈ രാജ്യങ്ങൾ സംഭാവ്യമായ നേട്ടങ്ങളെ അവഗണിച്ചുകൊണ്ട് വൻതോതിൽ അറേബ്യൻ രാജ്യങ്ങൾക്ക് ആയുധങ്ങൾ വിറ്റുകൊണ്ടിരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ എന്തൊന്നാണോ പറയുന്നത് ഇത് പുതിയതോ മറഞ്ഞതോ ആയ കാര്യമല്ല. പ്രത്യുത ഇടപാടുകൾ സംബന്ധിച്ച് രേഖകളുള്ള യാഥാർഥ്യങ്ങളാണിത്. ഉദാഹരണത്തിന് 2015-ൽ ആംനസ്റ്റി ഇന്റർ നാഷണൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടനുസരിച്ച് "ദശാംശങ്ങളുടെ ആയുധങ്ങളുടെ നിർഭയമായ വാണിജ്യം ഐഎസ്സ് ഐഎസ്സിന്റെ പ്രവർത്തനങ്ങൾക്ക് ജന്മം നല്കി." ഈ റിപ്പോർട്ടനുസരിച്ച് ഐഎസ്സ് ഐഎസ്സ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂരിഭാഗം ആയുധങ്ങളും റഷ്യയിലും അമേരിക്കയിലും ഉപയോഗിച്ചുകൊണ്ടിരുന്നതാണ്. ഇതിലുപരിയായി ആർമിസ് കൺട്രോളയ്റ്റ് ആംനസ്റ്റിയുടെ ഒരു ഗവേഷകനായ മിസ്റ്റർ പേട്രിക് വെൽക്കൺ പറയുന്നത് ഐഎസ്സ് ഐഎസ്സ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അത്യന്താധുനിക ആയുധങ്ങൾ, സൂക്ഷ്മതയില്ലാതെയുള്ള ആയുധക്കച്ചവടം എങ്ങനെ വൻതോതിൽ അക്രമത്തിന് നിമിത്തമാകുന്നു എന്നതിന് ഒരു വ്യക്തമായ ഉദാഹരണമാണെന്നാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മുസ്‌ലിം രാഷ്ട്രങ്ങളുടെ പക്കൽ മധ്യപൂർവദേശത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആധുനിക രീതിയിലുള്ള ആയുധങ്ങൾ നിർമിക്കാനുള്ള ഉന്നതമായ ഫാക്ടറികളൊന്നുമില്ലെന്നത് തീർച്ചയായും സർവസമ്മതമായൊരു യാഥാർഥ്യമാണ്. അങ്ങനെ മുസ്‌ലിം ലോകത്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യുദ്ധോപകരണങ്ങളുടെ വലിയൊരു ഭാഗം വെളിയിൽനിന്നാണ് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. വൻശക്തികൾ അവരുടെ ആയുധ വില്പന നിറുത്തുകയും യുദ്ധത്തിൽ പങ്കെടുക്കുന്ന സർക്കാറുകൾക്കും രാജ്യദ്രോഹികൾക്കും ഭീകരവാദികൾക്കുമുള്ള ആയുധ വിതരണം തടയുകയുമാണെങ്കിൽ ഇത്തരം സംഘട്ടനങ്ങൾ പെട്ടെന്ന് അവസാനിപ്പിക്കാൻ കഴിയുന്നതാണ്. ഉദാഹരണത്തിന് സൗദ്യ അറേബ്യാ, യെമനെതിരെ നടത്തുന്ന യുദ്ധത്തിൽ പാശ്ചാത്യരിൽനിന്ന് വാങ്ങിയിട്ടുള്ള ആയുധങ്ങളാണ് ഉപയോഗിക്കുന്നതെന്ന് എല്ലാവർക്കും അറിയുന്നതാണ്. ഇതുമുഖേന സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ആയിരക്കണക്കിന് നിരപരാധികളായ നഗരവാസികളാണ് കൊല്ലപ്പെടുന്നത്. അതിരില്ലാത്ത നാശങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവസാനം ഇത്തരത്തിലുള്ള ആയുധക്കച്ചവടത്തിന്റെ ഫലമെന്തായിരിക്കും? ജീവിതവും ഭാവിയും തകർന്നുകൊണ്ടിരിക്കുന്ന യെമനിലെ ജനങ്ങൾ വെറുക്കുമെന്നു മാത്രമല്ല സൗദ്യഅറേബ്യയോടു പകരം വീട്ടുകയും ചെയ്യും. എന്നല്ല അവർ സൗദ്യഅറേബ്യക്ക് ആയുധങ്ങൾ നല്കുന്നവരോടും പൊതുവെ പാശ്ചാത്യരോടും വെറുപ്പുള്ളവരായിത്തീരും. അവരുടെ യുവതലമുറയ്ക്ക് ഭാവിയെ സംബന്ധിച്ച് ഒരു പ്രതീക്ഷയും ഉണ്ടായിരിക്കുകയില്ല. ഇത്രമാത്രം വെറുപ്പുളവാക്കുന്ന അക്രമങ്ങൾ കണ്ടുകൊണ്ട് ഈ യുവാക്കൾ ഭീകരപ്രവർത്തനങ്ങളിലേക്ക് ചായുന്നതാണ്. ഇപ്രകാരം ഭീകരവാദത്തിന്റേയും ഭീകരപ്രവർത്തനങ്ങളുടേയും പുതിയൊരു ഭയാനകമായ കാലം ആരംഭിക്കുന്നതാണ്. ഈ നാശത്തിന്റേയും വെറുപ്പിന്റേയും ഫലങ്ങളുടെ മുമ്പിൽ അല്പം ചില കോടി ഡോളറിന് എന്തുവിലയാണുള്ളത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് ഇന്ന് ലോകത്തിലെ കുഴപ്പങ്ങളുടെ കേന്ദ്രമായ മുസ്‌ലിം രാഷ്ട്രങ്ങൾക്ക് ഭീഷണിയാണെന്നു മാത്രമല്ല അതിന്റെ വൃത്തം അതിനെക്കാൾ ഒരുപാട് വലുതായിരിക്കുന്നതാണ്. പാരീസിലും, ബ്രസ്സിൽസിലും, അമേരിക്കയിലും നടന്ന വർത്തമാനകാലത്തെ ഭീകരാക്രമണം നമ്മൾ കണ്ടുകഴിഞ്ഞതുപോലെ. ഇതേപ്രകാരം കനഡയിലും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ചെറിയ തോതിൽ ഭീകരാക്രമണ സംഭവങ്ങൾ മുന്നിൽ വന്നിട്ടുണ്ട്. നിങ്ങളെല്ലാവരും ഇത് നല്ലവണ്ണം അറിയുന്നവരായിരിക്കും. അറേബ്യൻ രാഷ്ട്രങ്ങളിൽനിന്ന് കനഡ ആയിരക്കണക്കിന് മൈൽ ദൂരത്താണെന്നതിൽ സംശയമില്ല. പക്ഷേ, എന്നിട്ടും നമുക്കറിയാം മുസ്‌ലിം ചെറുപ്പക്കാർ ഭീകരവാദ സംഘങ്ങളിൽ ചേരുന്നതിനായി ഇവിടെനിന്ന് ഇറാഖിലും സിറിയയിലും എത്തിയിരിക്കുന്നു. ഏറ്റവുമധികം അപകടകരമായ കാര്യമെന്താണെന്നാൽ കനഡസർക്കാറിന്റെ കണക്കുകൂട്ടലുകളനുസരിച്ച് സിറിയയിലും ഇറാഖിലും പോകുന്നവരിൽ - **ശേഷം പേജ് 7ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin